2023
NOVEMBER
10
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## നാണയപ്പെരുപ്പം നിയന്ത്രണ വിധേയം

**കൊച്ചി:** കേന്ദ്ര സർക്കാരിൻറെ ശക്തമായ വിപണി ഇടപെടലും ലഭ്യതയിലുണ്ടായ വർധനയും രാജ്യത്തെ നാണയപ്പെരുപ്പം നിയന്ത്രണ വിധേയമാക്കുന്നു.

ഒക്റ്റോബറിലെ മൊത്ത വില സൂചിക അടിസ്ഥാനമായുള്ള നാണയപ്പെരുപ്പം നാലു ശതമാനത്തിലേക്ക് താഴുമെന്ന് റോയിട്ടേഴ്സിൻറെ അവലോകന റിപ്പോർട്ടിൽ പറയുന്നു. ഇതോടൊപ്പം രാജ്യാന്തര വിപണിയിൽ അസംസ്കൃത എണ്ണയുടെ വില കഴിഞ്ഞ ദിവസങ്ങളിൽ കാര്യമായി കുറഞ്ഞതും നാണയപ്പെരുപ്പ ഭീഷണി കുറയ്ക്കുകയാണ്.

ആഗോള മേഖലയിലെ പ്രതികൂല സാഹചര്യങ്ങളെ മറികടന്നാണ് ഇന്ത്യ നാണയപ്പെരുപ്പ യുദ്ധത്തിൽ മികച്ച വിജയം നേടുന്നത്. വിപണിയിൽ പണ ലഭ്യത ഉയർന്നു നിൽക്കുമ്പോഴും കടുത്ത നടപടികളിലേക്ക് കടക്കാതെ ഉത്പന്ന ലഭ്യത വർധിപ്പിച്ച തന്ത്രങ്ങളാണ് വിജയം നേടിയത്. കാലാവസ്ഥാ വ്യതിയാനവും ഉപയോഗത്തിലെ കുതിപ്പും കാരണം ഭക്ഷ്യ ഉത്പന്നങ്ങളുടെ വില കഴിഞ്ഞ ദിവസങ്ങളിൽ കുത്തനെ കൂടിയിരുന്നു. ഇതോടൊപ്പം പശ്ചിമേഷ്യയിലെ യുദ്ധം ശക്തമായതോടെ വാണിജ്യ പാചക വാതക വിലയിലുണ്ടായ വർധന നാണയപ്പെരുപ്പം കാര്യമായി ഉയർത്തിയില്ലെന്നാണ് വിലയിരുത്തുന്നത്.

അവശ്യ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ കേന്ദ്രസർക്കാരും റിസർവ് ബാങ്കും കഴിഞ്ഞ ഒരു വർഷമായി സ്വീകരിച്ച നടപടികൾ ഗുണകരമായെന്നാണ് ചില്ലറ വില സൂചിക അടിസ്ഥാനമായുള്ള നാണയപ്പെരുപ്പ കണക്കുകൾ സൂചിപ്പിക്കുന്നത്. രാജ്യാന്തര വിപണിയിൽ അസംസ്കൃത എണ്ണയുടെ വില ബാരലിന് 90 ഡോളറിന് അടുത്ത് നിലനിൽക്കുമ്പോഴും ആഭ്യന്തര ഇന്ധന വില കാര്യമായി വർധിക്കാതിരുന്നതും വിപണിയിൽ ഉത്പന്നങ്ങളുടെ ലഭ്യത ഉയർന്നതുമാണ് വില നിയന്ത്രിക്കാൻ സഹായിച്ചത്. ഇതോടൊപ്പം ഗോതമ്പ്, അരി, പഞ്ചസാര തുടങ്ങിയവയുടെ കയറ്റുമതിക്ക് നിയന്ത്രണം ഏർപ്പെടുത്തിയതും അനുകൂല സാഹചര്യം സൃഷ്ടിച്ചു.

കേന്ദ്ര വാണിജ്യ മന്ത്രാലയത്തിൻറെ കണക്കുകളനുസരിച്ച് സെപ്റ്റംബർ മുതൽ മൊത്ത വില സൂചിക അടിസ്ഥാനമായുള്ള നാണയപ്പെരുപ്പം കുറയാൻ സാധ്യതയേറെയാണ്. ഭക്ഷ്യ ഉത്പന്നങ്ങളുടെ വിലക്കയറ്റ ഭീഷണി ഒഴിവാകുന്നതും വ്യവസായ മേഖലയിലെ അനിശ്ചിതത്വങ്ങളും കണക്കിലെടുത്ത് റിസർവ് ബാങ്ക് പലിശ വർധന നടപടികൾ മരവിപ്പിക്കാനാണ് സാധ്യതയെന്ന് വിദഗ്ധർ പറയുന്നു.

## പേപ്പർ പാക്കേജിങ് സംവിധാനം; ഇന്ത്യയിലേക്കെത്തിക്കാൻ ആമസോൺ



**കൊച്ചി:** പ്ലാസ്റ്റിക്കിൻറെ ഉപയോഗം കുറയ്ക്കുന്നതിൻറെ ഭാഗമായി പുനരുപയോഗിക്കാവുന്ന പേപ്പർ പാക്കെജിങ്ങിനായുള്ള നൂതന സംവിധാനങ്ങൾ ഇന്ത്യയിലേക്ക് കൊണ്ടുവരാനൊരുങ്ങുകയാണ് ഇകൊമേഴ്സ് കമ്പനിയായ ആമസോൺ.

യുഎസ് ഓഹായോയിലെ കമ്പനിയുടെ കേന്ദ്രത്തിൽ പ്ലാസ്റ്റിക് പാക്കെജിങ്ങിന് പകരം പുനരുപയോഗിക്കാവുന്ന പേപ്പർ പാക്കെജിങ് സംവിധാനങ്ങൾ ഉപയോഗിക്കുന്നുണ്ട്. പ്ലാസ്റ്റിക്കിന് പകരം പേപ്പർ ഉപയോഗിക്കുന്നതിന് നിലവിലുള്ള യന്ത്രങ്ങൾ ഉൾപ്പെടെ കമ്പനി പുനർനിർമിച്ചു. പുനരുപയോഗിക്കാവുന്ന ഫിറ്റ്ടുഫിറ്റ് പാക്കെജുകൾ ഉണ്ടാക്കുന്ന പുതിയ മെഷീനുകൾ കമ്പനി വികസിപ്പിച്ചു. ഇത്തരത്തിൽ യുഎസിലെ ഈ കേന്ദ്രത്തിൽ നിന്നുള്ള പാക്കെജിങ് പൂർണമായും പേപ്പർ ഉപയോഗിച്ചുള്ളതായി.

ഇന്ത്യ പോലൊരു വിപണിയുടെ വലുപ്പവും വ്യാപ്തിയും കണക്കിലെടുത്ത് ഇത്തരമൊരു ചുവടുവയ്പ്പ് നടത്തുന്നത് അൽപ്പം പ്രയാസമാണെങ്കിലും പ്രാദേശിക തലത്തിൽ ഇതുമായി ബന്ധപ്പെട്ട് ചർച്ചകൾ സജീവമായി നടത്തിവരികയാണെന്ന് ആമസോൺ അറിയിച്ചു. വൈകാതെ പുനരുപയോഗിക്കാവുന്ന പേപ്പർ പാക്കെജുകൾ ഉണ്ടാക്കുന്ന സംവിധാനം ഇന്ത്യയിലും കൊണ്ടുവരും. ഈ സംവിധാനം വീട്ടിൽ തന്നെ അവ റീസൈക്കിൾ ചെയ്യാൻ ഉപയോക്താക്കളെ അനുവദിക്കും.

# 50 ഹമാസ് ഭീകരരെ വധിച്ച് ഇസ്രായേൽ



**ഗാസാ സിറ്റി:** ഗാസയിലെ ഹമാസ് ഭീകര കേന്ദ്രം തകർത്തുവെന്ന് അവകാശപ്പെട്ട് ഇസ്രയേൽ. ആക്രമണത്തിൽ 50 ഭീകരർ വധിക്കപ്പെട്ടെന്നും ഇസ്രയേൽ അറിയിച്ചു. ഇതിനിടെ വെടിനിർത്തൽ ഇടവേളയ്ക്ക് ഇസ്രയേൽ സമ്മതിച്ചതായി അമേരിക്ക വ്യക്തമാക്കി.

യുദ്ധം ശക്തമായി തുടരുന്ന സാഹചര്യത്തിൽ ഇവിടെ നിന്നും പലസ്തീൻകാർ കൂട്ടപ്പലായനം നടത്തുകയാണ്. വടക്കൻ ഗാസയിൽ നിന്നും ആളുകൾ തെക്കോട്ട് നീങ്ങണമെന്ന നിർദേശത്തിന് പിന്നാലെയാണ് നാലു മണിക്കൂർ വെടിനിർത്തലിന് ഇസ്രയേൽ സമ്മതിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ അരലക്ഷത്തോളം പേർ കൂടി വടക്കൻ ഗാസയിൽനിന്നു പലായനം ചെയ്തുവെന്നും ഇതുവരെ 10,812 പേർ കൊല്ലപ്പെട്ടെന്നും ഇതിൽ 40 ശതമാനം കുട്ടികളാണെന്നും യുഎൻ അറിയിച്ചു. വടക്കൻ ഗാസയിലെ മുഖ്യപാതയിൽ കനത്ത ഷെല്ലാക്രമണവും വെടിവയ്പും തുടരുകയാണ്. തെരുവുയുദ്ധത്തിൽ ഇരുപക്ഷത്തും ആൾ നാശം സംഭവിച്ചതായും റിപ്പോർട്ടുകളുണ്ട്. അഭയാർഥി ക്യാമ്പിനു നേരെ ഇസ്രയേൽ സൈന്യം നടത്തിയ ആക്രമണത്തിൽ 15 പേർ കൊല്ലപ്പെട്ടതായി റിപ്പോർട്ട് വന്നിരുന്നു. വെസ്റ്റ് ബാങ്കിലെ ജെനിനിയിലെ അഭയാർഥി ക്യാമ്പിനു നേരെയുണ്ടായ ആക്രമണത്തിൽ ഇരുപതിലേറെ പേർക്കു പരിക്കേറ്റന്ന് പലസ്തീൻ ആരോഗ്യമന്ത്രാലയം വ്യക്തമാക്കി. വ്യാഴാഴ്ച പുലർച്ചെയാണ് ഇസ്രയേൽ സൈന്യം മേഖലയിൽ കടന്നുകയറി ആക്രമണം നടത്തിയത്.

## ദീപാവലിക്ക് രാത്രി 10 വരെ മാത്രം; സംസ്ഥാനത്ത് പടക്കം പൊട്ടിക്കുന്നതിന് നിയന്ത്രണം

**തിരുവനന്തപുരം:** ദീപാവലി ആഘോഷങ്ങളുടെ ഭാ?ഗമായുള്ള പടക്കം പൊട്ടിക്കുന്നതിനു മാനദണ്ഡങ്ങൾ. രാത്രി 8 മുതൽ 10 വരെയുള്ള 2 മണിക്കൂർ സമയം മാത്രമേ പടക്കം പൊട്ടിക്കാൻ പാടുള്ളൂ. ദേശീയ ഹരിത ട്രൈബ്യൂണലിൻറെ ഉത്തരവിൻറെ അടിസ്ഥാനത്തിൽ ആഭ്യന്തര വകുപ്പാണ് നിയന്ത്രണം ഏർപ്പെടുത്തിയത്.

ക്രിസ്മസ്, ന്യൂയർ ആഘോഷ ദിനങ്ങളിൽ രാത്രി 11.55 മുതൽ 12.30 വരെയുള്ള സമയത്തു മാത്രമേ ഈ ദിവസങ്ങളിൽ പടക്കം പൊട്ടിക്കാവൂ. ആഘോഷങ്ങൾക്ക് ഹരിത പടക്കങ്ങൾ മാത്രമേ വിൽക്കാവൂ എന്നും ഉത്തരവിലുണ്ട്. നിർദ്ദേശങ്ങൾ കൃത്യമായി നടപ്പാക്കുന്നുണ്ടോയെന്നു പരിശോധിക്കാൻ ജില്ലാ മജിസ്ട്രേറ്റുകൾക്കും ജില്ലാ പൊലീസ് മേധാവികൾക്കുമാണ് ചുമതല.





എറണാകുളത്തപ്പൻ മൈതാനത്ത് നടക്കുന്ന ശ്രീമദ് നാരായണീയ മഹോത്സവ സ്ഥലത്ത് പ്രത്യേകം തയ്യാറാക്കിയ ക്ഷേത്രത്തിന് മുന്നിൽ നാരായണീയ വിളക്കേന്തിയ അമ്മമാർ

# ഉദ്ദിഷ്ഠകാര്യത്തിന് നാരയണീയ വിളക്ക് തെളിയിക്കുന്നത് ഗുണം ചെയ്യും: കണ്ഠരാമത്ത് മഠം ഹരിഹരൻ നമ്പൂതിരി

**കൊച്ചി:** ശ്രീകൃഷ്ണ വിഗ്രഹത്തിന് മുന്നിൽ നാരായണിയ വിളക്ക് തെളിയിക്കുന്നതും, നാരായണ മന്ത്രം ശബ്ദത്തിൽ ഉരുവിടുന്നതും ഉദ്ദിഷ്ട കാര്യസിദ്ധിക്ക് ഗുണം ചെയ്യുമെന്ന് കണ്ഠരാമത്ത് മഠം ഹരിഹരൻ നമ്പൂതിരി.

പൂജിച്ച നാരായണീയ വിളക്കുമായി 100 കണക്കിന് സ്ത്രീകളാണ് എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ നടക്കുന്ന ശ്രീമദ് നാരായണീയ മഹോത്സവ സ്ഥലത്ത് പ്രത്യേകം തയ്യാറാക്കിയ ക്ഷേത്രത്തിന് മുന്നിൽ എത്തിയത്. ഭക്തർക്ക് പ്രസാദമായി ശാന്തി നാരായണതൈലം നൽകി.

ഭഗവാന് നെയ് വിളക്ക് തെളിയുന്നതും നാരായണവിളക്ക് തെളിയിക്കുന്നതും ഫലപ്രാപ്തിക്കിടവരുത്തും, എന്നാൽ രോഗശമനത്തിന് നാരായണ വിളക്ക് തെളിയിക്കുന്നത് ഏറെ ഗുണം ചെയ്യുമെന്നും ഹരിഹരൻ നമ്പൂതിരി പറഞ്ഞു. ശ്രീമദ് നാരായണീയ മഹോത്സവത്തിൽ രാവിലെ ഗണപതിഹോമത്തിന് ശേഷം ബ്രഹ്മശ്രീ പൊതിൽമന ചേന്നാസ് ഗിരീശൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ധന്വന്തരി ഹോമം നടന്നു.

വിശേഷാൽ പൂജകൾക്ക് ബ്രഹ്മശ്രീ എഴിക്കോട് സതീശൻ നമ്പൂതിരി മുഖ്യകാർമ്മികനായി. തുടർന്ന് രവിന്ദ്രസംഗീതോത്സവം അരങ്ങേറി.



ശ്രീരാമജന്മഭൂമി പ്രാണ പ്രതിഷ്ഠയോടനുബന്ധിച്ച് ബജരംഗ് ദൾ ക്ഷേത്രീയ സംയോജക് ജിജേഷ് പട്ടേരി , ബജരംഗ് ദൾ സംസ്ഥാന സഹ സംയോജക് വക്കം സന്തോഷ് എന്നിവരുടെ നേതൃത്വത്തിൽ അയോധ്യയിൽ നിന്നും പൂജിച്ച് എത്തിച്ച അക്ഷത കുംഭം കലൂർ പാവക്കുളം ക്ഷേത്രത്തിൽ ക്ഷേത്രം തന്ത്രി പ്രശാന്ത് നമ്പൂതിരി, മേൽശാന്തി എഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി, വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന അധ്യക്ഷൻ വിജി തമ്പി, സംസ്ഥാന ജോയിന്റ് സെക്രട്ടറി അഭിനു സുരേഷ്, ബജരംഗ് ദൾ സംസ്ഥാന സഹ സംയോജക് പ്രദീപ് അണ്ടലാടി, വി.എച്ച്.പി ജില്ലാ പ്രസിഡന്റ് വി. ശ്രീകുമാർ എന്നിവർ ചേർന്ന് സ്വീകരിക്കുന്നു.

# ശ്രീരാമജന്മഭൂമി പ്രാണ പ്രതിഷ്ഠ : അയോധ്യയിൽ നിന്നും എത്തിച്ച അക്ഷത കുംഭം പാവക്കുളത്ത് പ്രതിഷ്ഠിച്ചു

**കൊച്ചി:** ശ്രീരാമജന്മഭൂമി പ്രാണ പ്രതിഷ്ഠയോടനുബന്ധിച്ച് അയോധ്യയിൽ നിന്നും പൂജിച്ച് എത്തിച്ച അക്ഷത കുംഭം പാവക്കുളം ശ്രീമഹാദേവ ക്ഷേത്രത്തിൽ സ്വീകരിച്ച് പ്രതിഷ്ഠിച്ചു.

ബജരംഗ് ദൾ ക്ഷേത്രീയ സംയോജക് ജിജേഷ് പട്ടേരി , ബജരംഗ് ദൾ സംസ്ഥാന സഹ സംയോജക് വക്കം സന്തോഷ് എന്നിവരുടെ നേതൃത്വത്തിൽ അയോധ്യയിൽ നിന്നും എത്തിച്ച അക്ഷത കുംഭം ക്ഷേത്രം തന്ത്രി പ്രശാന്ത് നമ്പൂതിരി, മേൽശാന്തി എഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി, വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന അധ്യക്ഷൻ വിജി തമ്പി, സംസ്ഥാന ജോയിന്റ് സെക്രട്ടറി അഭിനു സുരേഷ്, ബജരംഗ് ദൾ സംസ്ഥാന സഹ സംയോജക് പ്രദീപ് അണ്ടലാടി, വി.എച്ച്.പി ജില്ലാ പ്രസിഡന്റ് വി. ശ്രീകുമാർ, ജില്ലാ കമ്മിറ്റി അംഗങ്ങൾ,ക്ഷേത്ര സമിതി ഭാരവാഹികൾ എന്നിവർ അക്ഷത കുംഭം ക്ഷേത്രാങ്കണത്തിൽ സ്വീകരിച്ചു.

തുടർന്ന് വാദ്യമേളങ്ങളുടെയും താലപ്പൊലികളുടെയും അകമ്പടിയോടെ ക്ഷേത്രം മേൽ ശാന്തി എഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി കുംഭം ഏറ്റുവാങ്ങി ക്ഷേത്ര സന്നിധിയിൽ പ്രത്യേകം തയ്യാറാക്കിയ പീഠത്തിൽ പ്രതിഷ്ഠിച്ചു. 2024 ജനുവരി ഒന്നു മുതൽ 15 വരെയുള്ള ദിവസങ്ങളിലായി അക്ഷത കുംഭത്തിന്റെ ഭാഗങ്ങളും ശ്രീരാമജന്മഭൂമി ക്ഷേത്രവിവരങ്ങൾ അടങ്ങിയ ലഘു പുസ്തകവും വിശ്വഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ഹിന്ദു ഭവനങ്ങളിലും എത്തിക്കുമെന്ന് വി.എച്ച്.പി സംസ്ഥാന അധ്യക്ഷൻ വിജി തമ്പി പറഞ്ഞു.ജനുവരി 22 ന് നടക്കുന്ന ശ്രീരാമജന്മഭൂമി പ്രാണ പ്രതിഷ്ഠയുടെ ഭാഗമായി ജനുവരി 15 മുതൽ പാവക്കുളം ക്ഷേത്രത്തിൽ ഒരാഴ്ച നീണ്ടു നിൽക്കുന്ന സമ്പൂർണ്ണ രാമായണ സത്രം നടത്തും. 22 ന് പ്രാണപ്രതിഷ്ഠ നടക്കുമ്പോൾ കേരളത്തിലെ എല്ലാ പ്രധാന ക്ഷേത്രങ്ങളും ഹൈന്ദവ ഭവനങ്ങളും കേന്ദ്രീകരിച്ച് ഉച്ചയ്ക്ക് 12 മുതൽ രണ്ടുവരെ പ്രത്യേക പ്രാർത്ഥനാ ചടങ്ങുകളും നടക്കുമെന്നും അദ്ദേഹം പറഞ്ഞു.

# എച്ച് എസ് പ്രണോയുമായി കൈകോർത്ത് ഫെഡറൽ ബാങ്ക്

**മുംബൈ / കൊച്ചി :** ഏഷ്യൻ ഗെയിംസിലെ ബാഡ്മിന്റൻ മെഡൽ ജേതാവും ലോക എട്ടാം നമ്പർ കളിക്കാരനുമായ ഇന്ത്യയുടെ മലയാളി താരം എച്ച് എസ് പ്രണോയുമായി ഫെഡറൽ ബാങ്ക് കൈകോർക്കുന്നു. ഇതിന്റെ ഭാഗമായി, ബാഡ്മിന്റൻ വേൾഡ് ഫെഡറേഷന്റെ പ്രധാന മത്സരങ്ങളായ സൂപ്പർ സീരീസ്, ഗോൾഡ് സീരീസ്, വേൾഡ് ബാഡ്മിന്റൻ ചാമ്പ്യൻഷിപ്പ് തുടങ്ങിയവയിൽ പങ്കെടുക്കുമ്പോഴും മത്സര ശേഷമുള്ള മാധ്യമ പരിപാടികളിലും പ്രണോയിയുടെ ജഴ്സിയിൽ ഫെഡറൽ ബാങ്ക് ലോഗോ പ്രദർശിപ്പിക്കും. ബ്രാൻഡ് പ്രചരണവുമായി ബന്ധപ്പെട്ട് ഒരു വർഷത്തേക്കാണ് പ്രണോയ് ഫെഡറൽ ബാങ്കുമായി സഹകരിക്കുക.അവസരത്തിനൊത്ത് ഉയർന്ന് ഉയരങ്ങൾ കീഴടക്കുക എന്ന ഇന്ത്യൻ യുവത്വത്തിന്റെ അഭിലാഷങ്ങളുടെ പ്രതീകമാണ് പ്രണോയ്. ഞങ്ങളുടെ ഇടപാടുകാരുടെയും ജീവനക്കാരുടെയും ശരാശരി പ്രായം പ്രണോയിയുടെ പ്രായത്തിനു തുല്യമാണ്. കായിക രംഗത്തെ ചാമ്പ്യൻ എന്ന നിലയിൽ ഇന്ത്യയുടെ വൈവിധ്യത്തെ പ്രണോയ് വ്യക്തപ്പെടുത്തുന്നുണ്ട് . ഏറ്റവും ബഹുമാനിക്കപ്പെടുന്നതിനുള്ള പരിശ്രമമാണ് ഫെഡറൽ ബാങ്കിനെയും പ്രണോയിയെയും ഒരുമിപ്പിക്കുന്ന ഘടകമെന്ന് ഫെഡറൽ ബാങ്ക് ചീഫ് മാർക്കറ്റിങ് ഓഫീസർ എം. വി. എസ്. മൂർത്തി പറഞ്ഞു.

ഫെഡറൽ ബാങ്കുമായുള്ള ഈ സഹകരണം ഇന്ത്യയിൽ ബാഡ്മിന്റൻ കളിയുടെ പെരുമ ഉയർത്താൻ സഹായിക്കുമെന്ന വിശ്വാസമാണ് എനിക്കുള്ളത്. ലോകത്തൊട്ടാകെ നടക്കാനിരിക്കുന്ന മത്സരങ്ങളിൽ പങ്കെടുക്കുമ്പോൾ ഫെഡറൽ ബാങ്ക് എന്നെ പിന്തുണയ്ക്കുന്നതിൽ അതിയായ സന്തോഷമുണ്ട്, എച്ച് എസ്. പ്രണോയ് പറഞ്ഞു.



# മുത്തൂറ്റ് ഫിക്കി കോർപ്പറേറ്റ് സ്പോർട്സ് ചാമ്പ്യൻഷിപ്പ്: ബാഡ്മിൻറൺ മത്സരങ്ങൾ സംഘടിപ്പിച്ചു

**കൊച്ചി:** മുത്തൂറ്റ് ഫിനാൻസും ഫിക്കിയും ചേർന്ന് നടത്തുന്ന കോർപ്പറേറ്റ് സ്പോർട്സ് ചാമ്പ്യൻഷിപ്പ് 2023ൻറെ ഭാഗമായി കാക്കനാട് സംസ്കാര സ്കൂളിൽ വച്ച് ബാഡ്മിൻറൺ മത്സരങ്ങൾ സംഘടിപ്പിച്ചു. പുരുഷ, വനിതവിഭാഗം സിംഗിൾസ്, ഡബിൾസ് മത്സരങ്ങളിൽ ടിസിഎസ് മേധാവിത്വം പുലർത്തി.

മുത്തൂറ്റ് വെഹിക്കിൾ ആൻഡ് അസറ്റ്സ് ഫിനാൻസ് ലിമിറ്റഡ് സീനിയർ അസിസ്റ്റൻറ് ജനറൽ മാനേജർ ശ്യാം ചെല്ലപ്പൻ, സംസ്കാര സ്കൂൾ ഫിസിക്കൽ എഡ്യുക്കേഷൻ വകുപ്പ് എച്ച്ഒഡി ശ്യാം ആർ, ഫിക്കി കേരള അസിസ്റ്റൻറ് ഡയറക്ടർ രഞ്ജിത് രവി, ഫിക്കി കേരള സ്പോർട്സ് കൗൺസിൽ മെമ്പർ റാഷിദ് തുടങ്ങിയവർ സമ്മാനദാനം നിർവഹിച്ചു.കൊച്ചിയിലും പരിസര പ്രദേശങ്ങളിലുമുള്ള 20ലധികം കോർപ്പറേറ്റ് സ്ഥാപനങ്ങൾ മത്സരത്തിൽ പങ്കെടുത്തു. വിജയികൾക്കും റണ്ണർ അപ്പിനും യഥാക്രമം 5000 രൂപയും 2500 രൂപയും മൊമെൻറോയും നൽകി.

# കൊച്ചി കളക്ടീവ് : ലോഗോ ക്ഷണിക്കുന്നു

**കൊച്ചി:** കൊച്ചി നഗരസഭയുടെ നേതൃത്വത്തിൽ സന്നദ്ധസംഘടനയായ കൈറ്റ്സ് ഇന്ത്യയുടെ സഹകരണത്തോടെ ആരംഭിക്കുന്ന വളണ്ടിയർ കൂട്ടായ്മയായ കൊച്ചി കളക്ടീവിന് അനുയോജ്യമായ ലോഗോകൾ ക്ഷണിക്കുന്നു. കൊച്ചി നഗരത്തിൻറെ വളർച്ചയ്ക്കും വികസനത്തിനുമായി നഗരത്തിലെ വിദ്യാർഥികളുടെയും യുവജനങ്ങളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ കൊച്ചി കോർപ്പറേഷൻ രൂപീകരിക്കുന്ന കൂട്ടായ്മയാണ് കൊച്ചി കലക്ടീവ്. മാലിന്യ സംസ്കരണം, ലഹരി വിരുദ്ധ പ്രവർത്തനം, നഗരാസൂത്രണം, നഗരസൗന്ദര്യവത്കരണം, കായികം, കല, കൃഷി, നൈപുണ്യവികസനം, വിദ്യാഭ്യാസമേഖല, മാനസികാരോഗ്യം, വ്യക്തിത്വ വികസനം, പ്രകൃതിസംരക്ഷണം, ദുരന്ത നിവാരണ പ്രവർത്തനം തുടങ്ങിയ മേഖലകളിൽ വിദ്യാർഥികളുടെയും യുവജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്താനും അതിലൂടെ കൊച്ചി നഗരത്തിൻറെ വളർച്ചയ്ക്കും വികസനത്തിനും ഉതകുന്ന രീതിയിൽ ഒരു കൂട്ടായ്മ രൂപീകരിക്കുകയും ചെയ്യുക എന്നതാണ് കൊച്ചി കളക്ടീവിലൂടെ ലക്ഷ്യം വയ്ക്കുന്നത്.നിർദ്ദേശിക്കുന്ന ലോഗോകൾ 7736211171 എന്ന വാട്ട്സാപ്പ് നമ്പറിലേക്കാണ് അയക്കേണ്ടത്. തെരഞ്ഞെടുക്കപ്പെടുന്ന ലോഗോ നിർദ്ദേശിക്കുന്ന വ്യക്തിയ്ക്ക് ആകർഷകമായ സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

# വാത്തകൾ മുറ്റത്തെ സൗന്ദര്യവും വരുമാനവും



അനാറ്റിഡേ കുടുംബത്തിലും അൻസർ ജനുസിലും ഉൾപ്പെടുന്ന പക്ഷിയാണു വാത്ത അഥവാ വാത്ത്. താറാവും അരയന്നവും ഈ കുടുംബത്തിൽപ്പെടും. ആൺ വാത്തയെ ഗാൻഡർ എന്നും പെണ്ണിനെ ഗീസ് എന്നും വിളിക്കും.

3000 വർഷങ്ങൾക്ക് മുന്പ് ഇവയെ ഈജിപ്തിൽ വളർത്തിയിരുന്നുവെന്നു കരുതപ്പെടുന്നു. ഏതു കാലാവസ്ഥയോടും പൊരുത്തപ്പെട്ടു ജീവിക്കാൻ കഴിയുമെന്നതിനാൽ വാത്തകളെ പരിപാലിക്കാൻ എളുപ്പമാണ്. വാത്തകളെ പ്രധാനമായും മാംസം, മുട്ട, തൂവലുകൾ എന്നിവയ്ക്കും അലങ്കാരത്തിനുമാണ് വളർത്തുന്നത്.

കാവൽ ജോലിക്കും ഏർപ്പെടുത്താറുണ്ട്. ഏകദേശം 67 വാത്തകളിൽ നിന്ന് ഒരു കിലോ തൂവൽ കിട്ടും. കിടക്കയ്ക്കും വസ്ത്രത്തിനുമാണ് തൂവലുകൾ ഉപയോഗിക്കുന്നത്.

ചാര, കറുപ്പ്, വെളുപ്പ് എന്നിങ്ങനെ മൂന്നു നിറങ്ങളിൽ വാത്തകളുണ്ടെങ്കിലും ഇന്ത്യയിൽ പ്രധാനമായും രണ്ടു തരമാണുള്ളത്. വെളുത്തതും ചാര നിറത്തിലുള്ള ചൈനീസ് വാത്തകളും. ഇതിൽ ചൈനീസ് വാത്തകൾക്കാണ് തൂക്കം കൂടുതൽ.

1. എംഡൻ ഗൂസ്

വടക്ക്പടിഞ്ഞാറൻ ജർമനിയിലെ എംഡൻ പട്ടണത്തിൽ നിന്നുള്ള വളർത്തു ഗൂസ് ഇനമാണിത്. എംബെൻ എന്നും വിളിക്കും. വെളുത്ത തൂവൽ, ഓറഞ്ച് ബിൽ, ഓവൽ ആകൃതിയിലുള്ള തല, നീളമുള്ള കഴുത്ത്, പുറം എന്നിവയാണ് പ്രത്യേകത.

നല്ല തൂക്കവുമുണ്ട്. ഒരു സീസണിൽ 3040 മുട്ടകൾ ഇടും. അടയിരിക്കുന്ന സ്വഭാവവുമുണ്ട്. പൂർണ വളർച്ചയെത്തിയ പൂവന് 13 15 കിലോയും പിടയ്ക്ക് 9 10 കിലോയും തൂക്കമുണ്ടാകും.

2. ടൗലൗസ് ഗൂസ്

തെക്ക്പടിഞ്ഞാറൻ ഫ്രാൻസിലെ ടുലൂസാണ് ഇവയുടെ ജന്മദേശം. വലിപ്പമേറിയതും ചതുരാകൃതിയിലുമാണ് ശരീരം. വളരെ സാവധാനത്തിൽ സഞ്ചരിക്കുന്ന ഇവയുടെ വെളുത്ത തൂവലുകൾ വളരെ പ്രശസ്തരാണ്.

ഭാരിച്ച ശരീരം, മുതുകിൻറെ പിൻഭാഗത്തിന് കറുത്ത് ചെന്പിച്ച നിറം, നെഞ്ചിനും ഉദരത്തിനും ശ്വേതനിറം, തവിട്ടുനിറത്തിലുള്ള കണ്ണുകൾ, ഓറഞ്ചുനിറത്തിലുള്ള കൊക്ക്, ഓറഞ്ചുനിറത്തിലുള്ള വിരലുകൾ എന്നിവയാണു പ്രത്യേകതകൾ.

വളർച്ചയെത്തിയ പൂവന് 13.5 കിലോയും പിടയ്ക്ക് 10 കിലോയും തൂക്കമുണ്ടാകും. ഏറെ രുചികരമാണ് ഇതിൻറെ ഇറച്ചി.

3. ചൈനീസ് ഗൂസ്

പേര് സൂചിപ്പിക്കുന്നതു പോലെ ചൈനയാണ് ഇതിൻറെ ജന്മദേശം. ഒന്നിലധികം നിറങ്ങൾ ഇവയ്ക്ക് ഉണ്ടെങ്കിലും തവിട്ട്, വെളുപ്പ് നിറങ്ങളാണ് ഏറെ പ്രചാരത്തിലുള്ളത്. സൗന്ദര്യത്തിന് ലോകപ്രശസ്തമാണ്.

എല്ലാത്തരം കളകളും തിന്നുന്നതിനാൽ കളപറിക്കുന്ന ജോലികൾക്കായും ഇവയെ വളർത്തുന്നുണ്ട്. വർഷം 140 മുട്ടകൾ വരെ ഇടുന്ന ഇവ കാഴ്ചയിൽ അരയന്നത്തെ പോലെ തോന്നുന്നതിനാൽ സ്വാൻഗൂസ് എന്നും അറിയപ്പെടുന്നു. ഇതിന് രണ്ട് ഉപവർഗങ്ങളുണ്ട്.

തവിട്ടും വെളുപ്പും നിറമുള്ളതും പ്രജനന ശേഷിയുള്ളതിനാലും പച്ചപ്പുല്ലും പച്ചിലകളും ധാരാളം തിന്നുന്നതിനാലും വീട്ടിൽ വളർത്താൻ പറ്റിയ ഇനമാണ്. മറ്റ് ഇനങ്ങളെ അപേക്ഷിച്ച് ഇവയുടെ ഇറച്ചിയിൽ കൊഴുപ്പ് കുറവാണ്.

68 ആഴ്ച പ്രായമെത്തിയാൽ പൂവന് തലയിൽ മുഴ പ്രത്യക്ഷപ്പെടുന്നതിനാൽ തിരിച്ചറിയാൻ വിഷമമില്ല. പൂവന് 5.5 കിലോയും പിടയ്ക്ക് 4.5 കിലോയും തൂക്കമുണ്ടാകും. റോമൻ, ഇംഗ്ലീഷ് ഗ്രേ, ഇംഗ്ലീഷ് വൈറ്റ്, ബഫ് സെബാസ്റ്റോഹേൾ, ഈജിപ്ഷ്യൻ എന്നിവയാണ് ചില ഇനങ്ങൾ.

4. ആഫ്രിക്കൻ ഗൂസ്

ആഫ്രിക്കൻ ഗൂസിൻറെ ഉത്ഭവം യൂറോപ്പും വടക്കേ അമേരിക്കയുമാണ്. വൈൽഡ് സ്വാൻ ഗോസ്, ചൈനീസ് ഗോസ് എന്നിവയെ മറികടന്നാണ് ഈ ഇനം വികസിപ്പിച്ചതെന്ന് പറയപ്പെടുന്നു.

ഏറെ ശ്രദ്ധയും പരിചരണവും ആവശ്യമില്ലാത്ത ഈ കൂറ്റൻ പക്ഷിക്ക് കനത്ത ശരീരവും, കട്ടിയുള്ള കഴുത്തും, തടിച്ച ബില്ലും, അഴകുള്ള ഭാവവുമുണ്ട്. മുട്ടകൾ കുറവാണെങ്കിലും മാംസ ഉത്പാദനത്തിനാണ് പ്രധാനമായും വളർത്തുന്നത്.

മങ്ങിയ തവിട്ടുനിറമുള്ള തലയും കറുത്ത മുഴകളും ചുണ്ടും തവിട്ടു നിറമുള്ള കണ്ണുകളുമാണ് പ്രത്യേകതകൾ. മുട്ടയിടുകയും അടയിരിക്കുകയും ചെയ്യും. വളർച്ചയെത്തിയ പൂവന് 9 കിലോയും പിടയ്ക്ക് 8.2 കിലോയും തൂക്കമുണ്ടാകും.

5. പിൽഗ്രിം ഗൂസ്

യു.കെ. സ്വദേശിയായ ഇത് ഓസ്ട്രേലിയൻ സെറ്റിൽലർ ഗൂസ് എന്ന് അറിയപ്പെടുന്നു. ഒരു ദിവസം പ്രായമുള്ള ആൺ പിൽഗ്രിം ഗൂസ് ഇളം നിറമുള്ള ബില്ലുകളുള്ള വെള്ളി മഞ്ഞയാണ്, അതേസമയം ഒലിവ് ചാരനിറത്തിലുള്ള പെൺപക്ഷികൾക്ക് ഇരുണ്ട ബില്ലുകളാണുള്ളത്.

ഇവ ഭാരം കുറഞ്ഞതും ശാന്ത സ്വഭാവക്കാരുമാണ്. ഇടത്തരം വലിപ്പമുള്ള വാത്തകൾക്ക് 13 മുതൽ 14 പൗണ്ട് വരെ ഭാരവും , മിനുസമാർന്ന നെഞ്ചോടു കൂടിയ തടിച്ച ശരീരവുമുണ്ട്.

6. പോമറേനിയൻ ഗൂസ്

ജർമനിയാണ് ഇവയുടെ ജന്മദേശം. വെള്ള, ചാര, സാഡിൽ ബാക്ക് ബഫ് അല്ലെങ്കിൽ സാഡിൽ ബാക്ക് ഗ്രേ എന്നിവയുൾപ്പെടെ ഇവയ്ക്കു നിരവധി വർണ വ്യതിയാനങ്ങളുണ്ട്. പരന്ന തലകളും തടിച്ച കഴുത്തും വൃത്താകൃതിയിലുള്ള ശരീരവുമാണ്.

മനുഷ്യനെ കാണുന്പോൾ ആക്രമണാത്മകമായി പ്രതികരിക്കുന്ന ഇവ നല്ല അലങ്കാര പക്ഷികളാണ്. നെഞ്ചിൽ വലിയ അളവിൽ മാസം ഉള്ളതിനാൽ പോമറേനിയായിലെ പല ആഹാരങ്ങളിലും അത് ഉപയോഗിക്കുന്നു. പ്രതിവർഷം ശരാശരി 70 മുട്ടകൾ ഇടും.

7. അമേരിക്കൻ ബഫ് ഗൂസ്

പേര് സൂചിപ്പിക്കുന്നതു പോലെ, ഇത് അമേരിക്കക്കാരനാണ്. യൂറോപ്പിലെയും വടക്കേ ഏഷ്യയിലെയും തദ്ദേശീയമായ ഗ്രേലാഗ് ഗോസിൽ നിന്നാണ് ഇത് വികസിപ്പിച്ചെടുത്തത്. അടിവശം തിളങ്ങുന്ന വെളുത്ത നിറമുള്ള മനോഹരമായ ആപ്രിക്കോട്ട്ഫൺ തൂവലുകലാണ് ഇവയുടെ പ്രത്യേകത.

ഓറഞ്ച് ബില്ലുകൾ, ഓമനത്തമുള്ള തവിട്ട് കണ്ണുകൾ, ഇളം പിങ്ക് കാലുകൾ എന്നിവയുമുണ്ട്. മയപ്പെടുത്താവുന്ന സ്വഭാവം, രക്ഷാകർതൃ കഴിവുകൾ എന്നിവ ഈ ഇനത്തെ വലുതും ചെറുതുമായ കൃഷിക്ക് അനുയോജ്യമാക്കുന്നു. മുട്ട ഉത്പാദനത്തിനും മാംസ ഉപഭോഗത്തിനുമാണ് ഇവയെ പ്രധാനമായും വളർത്തുന്നത്.

8. സ്റ്റെയിൻബാച്ചർ ഗൂസ്

20ാം നൂറ്റാണ്ടിൻറെ തുടക്കത്തിൽ ജർമൻ സംസ്ഥാനമായ തുരിംഗിയയിലാണ് സ്റ്റെയിൻബാച്ചർ വികസിപ്പിച്ചെടുത്തത്. സൗമ്യമായ ഈ ഇനം ചാര, ബഫ്, ക്രീം നിറങ്ങളിൽ കാണപ്പെടുന്നു.

ഓറഞ്ച് നിറത്തിലുള്ള കൊക്കിൻറെ അവസാനം ഒരു കറുത്ത പയർ, കറുത്ത സ്ഥലിപ്സ്റ്റിക്കിൻറെന്ധ രൂപം നൽകുന്നു.

അതുല്യമായ ബില്ലും അഭിമാനകരമായ ഭാവവും കാരണം, ഈ പക്ഷികളെ പ്രദർശനങ്ങൾക്കും പ്രദർശന ആവശ്യങ്ങൾക്കും ഉപയോഗിക്കാം. അവർ ഏകഭാര്യത്വമുള്ളവരല്ല.

വർഷം 10 മുതൽ 20 വരെ മുട്ടകൾ മാത്രം ഇടുന്ന ഇവയെ പ്രധാനമായും മാംസത്തിനും പ്രദർശന ആവശ്യങ്ങൾക്കുമാണ് ഉപയോഗിക്കുന്നത്.

9. സ്കാനിയ ഗൂസ്

സൗത്ത് സ്വീഡൻ ഗൂസ് എന്നും സ്കനേഗസ് (സ്വീഡിഷ്) എന്നും അറിയപ്പെടുന്ന ഇത് പത്തൊൻപതാം നൂറ്റാണ്ടിൻറെ അവസാനത്തിലാണ് വികസിപ്പിച്ചത്.

1700കളിൽ സ്വീഡനിലേക്ക് കൊണ്ടുവന്ന ജർമൻ ജലപക്ഷികളിൽ നിന്നാണ് ഇവ വികസിപ്പിച്ചെടുത്തത്. പോമറേനിയൻ വംശജരും പ്രാദേശിക ഗൂസ് ഇനങ്ങളും തമ്മിലുള്ള ക്രോസിംഗ് വഴിയാണ് അവ വികസിപ്പിച്ചത്.

തവിട്ട്ചാരനിറത്തിലുള്ള തല, കഴുത്ത്, പുറം, തുടകൾ, തൂവലുകൾ എന്നിവയുള്ള വെളുത്ത തൂവലുകൾ ഇവയ്ക്ക് ഉണ്ട്. മാംസ നിറമുള്ള നുറുങ്ങുകളുള്ള ഓറഞ്ച് ബില്ലുകളും.

പ്രായപൂർത്തിയായ ആൺ സ്കാനിയ ഗോസിന് 7 മുതൽ 11 കിലോ വരെ തൂക്കമുണ്ടാകും. മാംസം, മുട്ട, അലങ്കാര ആവശ്യങ്ങൾ എന്നിവയ്ക്ക് അനുയോജ്യമാണ്.

10. ഷെറ്റ്ലാൻഡ് ഗൂസ്

സ്കോട്ട്ലൻഡിലെ ഷെറ്റ്ലാൻഡ് ദ്വീപുകളിൽ നിന്ന് വരുന്ന ഷെറ്റ്ലാൻഡ് ഗൂസ് പലപ്പോഴും പിൽഗ്രിം ഗൂസുമായി ആശയക്കുഴപ്പമുണ്ടാക്കും. പരുക്കൻ സാഹചര്യങ്ങളിൽ അതിജീവിക്കാൻ കഴിയുന്ന ഇത് ആരോഗ്യപ്രശ്നങ്ങൾ കുറവുള്ള ആരോഗ്യമുള്ള ഇനമാണ്.

വെളുത്ത ഫാം യാർഡ് ഇനങ്ങളേക്കാൾ അല്പം ചെറുതാണിതെങ്കിലും ആണിനെയും പെണ്ണിനെയും തിരിച്ചറിയാൻ എളുപ്പമാണ്. ഏകഭാര്യത്വമുള്ളവരും, വേർതിരിക്കാനാവാത്തവരുമാണ്.

ആൺ ഷെറ്റ്ലാൻഡിന് നീലക്കണ്ണുകളുള്ള വെളുത്ത തൂവലുകളും പെൺ പക്ഷികൾക്ക് സാഡിൽബാക്ക് പാറ്റേണുള്ള പകുതിവെളുത്തതും പകുതി ചാരനിറവുമാണ്. മാംസ ഉത്പാദനത്തിനും പുല്ല് പരാന്നഭോജികളെ അകറ്റാനുമാണ് വളർത്തുന്നത്.

11. സെബാസ്റ്റോപോൾ ഗൂസ്

യൂറോപ്യൻ ഗ്രേലാഗിൽ നിന്ന് ഉത്ഭവിച്ചതാന്നു കരുതപ്പെടുന്നു. നീണ്ടു മെലിഞ്ഞ കഴുത്തും വലയോടുകൂടിയ പാദങ്ങളും ഇവയുടെ പ്രത്യേകതകളാണ്.

നീളമുള്ള, ചുരുണ്ട തൂവലുകൾ ഇവയെ തിരിച്ചറിയാൻ സഹായിക്കുന്നു. ചുരുണ്ട തൂവലുകൾ പുതപ്പിനും തലയിണ നിർമാണത്തിനും ഉപയോഗിക്കുന്നു. ഓൾഗ്രേ, ബഫ്, സാഡിൽ ബാക്ക് വകഭേദങ്ങൾ ബ്രീഡിംഗിലൂടെയും ക്രോസുകളിലൂടെയും വികസിപ്പിച്ചെടുത്തിട്ടുണ്ട്.

അലങ്കാര ആവശ്യങ്ങൾക്കും മുട്ടയ്ക്കും മാംസത്തിനും വേണ്ടിയാണ് പ്രധാനമായും വളർത്തുന്നത്.

# ഫൈൻ ആർട്ട്സ് കോളേജിലെ പ്രദർശനം തുടരും

**തിരുവനന്തപുരം:** കേരളീയത്തിന്റെ ഭാഗമായി ഫൈൻ ആർട്ട്സ് കോളേജിൽ നടക്കുന്ന പ്രദർശനം കോൺടെക്സ്ച്ചൽ കോസ്മോളജീസ് തുടരും. നമ്മളെങ്ങനെ നമ്മളായി എന്ന ആശയത്തിലൂന്നിയ സമകാലീന കലാപ്രദർശനത്തിൽ ദേശീയ, അന്തർദേശീയ തലങ്ങളിൽ ശ്രദ്ധേയരായ 43 മലയാളി ആർട്ടിസ്റ്റുകളുടെ സൃഷ്ടികളാണ് . രാവിലെ 10 മണി മുതൽ വൈകീട്ട് 7 മണി വരെയാണ് പ്രവേശനം.കേരളം താണ്ടിയ വഴിത്താരകൾ അതിന്റെ ഭാവത്തികവിൽ പെയിന്റിംഗ്, ഫോട്ടോ, വീഡിയോ, ശിൽപങ്ങൾ, ഇൻസ്റ്റലേഷനുകൾ എന്നിവയിലൂടെ പ്രകാശിതമാകുന്നു. ചിന്തിപ്പിക്കുന്ന ആസ്വാദനം സമ്മാനിക്കുന്ന സമകാലീന പ്രദർശനത്തിന്റെ സീനോഗ്രഫി നിർവഹിച്ചിരിക്കുന്നത് കൊച്ചി ബിനാലെ ഫൗണ്ടേഷൻ പ്രസിഡന്റും സ്ഥാപകനുമായ ബോസ് കൃഷ്ണമാചാരിയാണ് . അനുഷ്ക രാജേന്ദ്രൻ, പ്രേംജിഷ് ആചാരി, എസ് എൻ സുജിത്ത് എന്നിവർ ചേർന്നാണ് പ്രദർശനം കംപൈൽ ചെയ്തത്.

കേരളത്തിലെ ഉന്നത നിലവാരത്തിലുള്ള ഗാലറിയാണ് തിരുവനന്തപുരം ഫൈൻ ആർട്ട്സ് ഹാളിലേത് എന്നതിനാൽ ചുരുങ്ങിയത് 60 ദിവസമെങ്കിലും പ്രദർശനം തുടരണമെന്ന് ക്യൂറേറ്റർ ബോസ് കൃഷ്ണമാചാരി സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കേരളീയം 2023 സമാപിച്ചെങ്കിലും പ്രദർശനം തുടരാൻ തീരുമാനിച്ചത്.



# സേവന വേതന വ്യവസ്ഥകളുടെ കരാർ പുതുക്കൽ: മന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നു

**കൊച്ചി:** എൽ.പി.ജി സിലിണ്ടർ ട്രക്ക് തൊഴിലാളികൾ സേവന വേതന കരാർ പുതുക്കാത്തതിൽ പ്രതിഷേധിച്ച് സമരം പ്രഖ്യാപിച്ച സാഹചര്യത്തിൽ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ ചർച്ച നടത്തി. ട്രക്കുകളിൽ കയറ്റുന്ന സിലിണ്ടറിന്റെ എണ്ണം വർധിപ്പിക്കുന്നതിന് ആനുപാതികമായി കൂലി വർധിപ്പിക്കണം എന്ന യൂണിയന്റെ ആവശ്യം പരിഗണിക്കണമെന്ന് മാനേജ്മെന്റിനോടും കയറ്റിറക്കുമായി ബന്ധപ്പെട്ട് കരാർ നിലവിലുള്ള പ്ലാന്റുകളിൽ തൽസ്ഥിതി തുടരണമെന്ന് യൂണിയനുകളോടും മന്ത്രി ആവശ്യപ്പെട്ടു.വേതന വർധനയുടെ നിരക്കിനെ സംബന്ധിച്ചും കയറ്റിറക്കുമായി ബന്ധപ്പെട്ട കരാർ നിലവില്ലാത്ത പ്ലാന്റുകളിൽ കരാർ ഉണ്ടാക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ചും ഒരു മാസ കാലാവധിക്കുള്ളിൽ ഉഭയകക്ഷി ചർച്ചകളിലൂടെ ധാരണയിലെത്തി വിവരം തൊഴിൽ വകുപ്പിനെ അറിയിക്കണമെന്ന് ബന്ധപ്പെട്ട കക്ഷികളോട് മന്ത്രി നിർദ്ദേശിച്ചു.

എറണാകുളം ഗവ. ഗസ്റ്റ് ഹൗസിൽ സംഘടിപ്പിച്ച ചർച്ചയിൽ അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ) കെ.ശ്രീലാൽ, റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, ഡെപ്യൂട്ടി ലേബർ കമ്മീഷണർ, സി.ഐ.ടി.യു. ഐ.എൻ.ടി.യു.സി, ബി.എം.എസ്, എ.ഐ.ടി.യു.സി യൂണിയനുകളുടെ പ്രതിനിധികൾ, ട്രക്ക് ഉടമകളുടെ പ്രതിനിധികൾ, ബി.പി.സി.എൽ, എച്ച്.പി.സി.എൽ. ഐ.ഒ.സി എന്നീ കമ്പനികളുടെ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# അതിക്രമങ്ങൾക്കിരയാവുന്നവർക്ക് ഭൂമികയുടെ സേവനം

**കൊച്ചി:** കഴിഞ്ഞ ആറുമാസത്തിനിടയിൽ നോർത്ത് പറവൂർ താലൂക്ക് ആശുപത്രിയിലെ ഭൂമിക സെന്ററിൽ നിന്നും സേവനം തേടിയത് 134 പേർ. ഗാർഹിക പീഡന പരാതിയുമായാണ് ഇതിൽ 53 പേരെത്തിയത്. മാനസികപ്രശ്നങ്ങൾ, ലഹരി ഉപയോഗം, കുടുംബപ്രശ്നങ്ങൾ തുടങ്ങി വിവിധ പ്രശ്നങ്ങളുമായി എത്തിയവരുമുണ്ട്. ലിംഗപദവിയുമായി ബന്ധപ്പെട്ട അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് വൈദ്യസഹായവും നിയമസഹായവും കൗൺസിലിംഗും നൽകുന്നതിനായുള്ള സെന്ററാണ് ഭൂമിക ജന്റർ ബേസ്ഡ് വയലൻസ് മാനേജ്മെന്റ് സെന്റർ (ഏലിവ്യ ആമലൈറ ഢശീഹലിരല ങമിമഴലാലി്‍ ഇലി്‍ൃല ഏആഢങഇ). അതിക്രമങ്ങൾക്കിരയാകുന്നവർക്ക് ആരോഗ്യപരിചരണവും കൗൺസിലിംഗും ആവശ്യമെങ്കിൽ നിയമസഹായം, ഡോക്ടർമാർ, നേഴ്സുമാർ, മറ്റ് ആരോഗ്യപ്രവർത്തകർ എന്നിവർക്ക് പരിശീലനങ്ങൾ നൽകുക, അതിക്രമങ്ങൾക്ക് ഇരയായവരെ സഹായിക്കാൻ മറ്റ് വകുപ്പുകളുടെ സഹകരണം ഉറപ്പാക്കുക തുടങ്ങിയ സേവനങ്ങളാണ് ഈ കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കുന്നത്.ജില്ലയിൽ നോർത്ത് പറവൂർ താലൂക്ക് ആശുപത്രിയിലും എറണാകുളം ജനറൽ ആശുപത്രിയിലുമാണ് ഭൂമികയുടെ സേവനം ലഭ്യമായിട്ടുള്ളത്. ഭൂമികയുടെ സേവനങ്ങളെ കുറിച്ച് കൂടുതൽ അറിയാൻ ദിശയുടെ ടോൾ ഫ്രീ നമ്പറായ 1056 അല്ലെങ്കിൽ 0471 2552056 എന്ന നമ്പറിലോ വിളിക്കാം



# വർണ്ണ വിരുന്നൊരുക്കി മൈ ഫെയർ ലേഡി

**കൊച്ചി:** തിരുവാണിയൂർ ഗ്ലോബൽ പബ്ലിക് സ്കൂൾ അവതരിപ്പിച്ച മെഗാ സംഗീത നാടകനൃത്താവിഷ്കാരം മൈ ഫെയർ ലേഡി അരങ്ങിലെത്തി. മൂന്ന് ദിവസങ്ങളിൽ നടക്കുന്ന അവതരണത്തിൽ കുട്ടികൾക്കായുള്ള ആദ്യത്തെ നാടക ആവിഷ്ക്കാരമാണ് ഇന്ന് നടന്നത്. ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നുൾപ്പെടെ ആയിരത്തിലധികം കുട്ടികൾക്ക് മുന്നിലാണ് നാടകം അരങ്ങേറിയത്. ഇരുന്നൂറ്റി അറുപതോളം കുട്ടികൾ സ്റ്റേജിൽ എത്തിയപ്പോൾ കാഴ്ചക്കാരുടെ മനസിൽ പുതിയ വർണ വിസ്മയം തീർത്തു.

തിരുവാണിയൂർ ഗ്ലോബൽ പബ്ലിക് സ്കൂൾ സ്റ്റേജ് ക്രൂ അവതരിപ്പിക്കുന്ന മെഗാ സംഗീത നാടകാവിഷ്കാരം മൈ ഫെയർ ലേഡി പൊതുജനങ്ങൾക്കായി ഇന്നും നാളെയും വീണ്ടും അവതരിപ്പിക്കും. വൈകിട്ട് ആറ് മണിക്ക് തിരുവാണിയൂർ പുരയ്ക്കൽ ജോസഫ് മെമ്മോറിയൽ ഓഡിറ്റോറിയത്തിലാണ് ക്ലാസിക് ആയി വിലയിരുത്തപ്പെടുന്ന മൈ ഫെയർ ലേഡിയുടെ പുനരവതരണം.

ജോർജ് ബെർണാർഡ്ഷാ 1913ൽ രചിച്ച പ്രശസ്ത നാടകം പിഗ്മാലിയൻ ആസ്പദമാക്കി അലൻ ജെയ് ലെർനറും ഫ്രെഡറിക് ലോവെയും ചേർന്ന് അരനൂറ്റാണ്ടിലേറെ മുമ്പ് ഒരുക്കിയ മ്യൂസിക്കൽ കോമഡി ഡ്രാമ ആവിഷ്കാരമാണ് മൈ ഫെയർ ലേഡി.

# നോർക്ക-യു.കെ കരിയർ ഫെയർ സമാപിച്ചു

**കൊച്ചി:** കൊച്ചിയിൽ നവംബർ 06 മുതൽ നടന്ന നോർക്കറൂട്ട്സ് യു.കെ കരിയർ ഫെയറിന്റെ മൂന്നാമത് എഡിഷന് സമാപനം. കേരളത്തിലെ ആരോഗ്യമേഖലയിൽ നിന്നുള്ളവർക്ക് യുണൈറ്റഡ് കിംങ്ഡമിലെ ഇംഗ്ലണ്ടിലെയും, വെയിൽസിലേയും വിവിധ എൻ.എച്ച്.എസ് ട്രസ്റ്റുകളിലേയ്ക്ക് അവസരമൊരുക്കുന്നതായിരുന്നു കരിയർ ഫെയർ. നവംബർ 06, 08, 09 തീയ്യതികളിലായി നടന്ന അഭിമുഖങ്ങളിൽ വിവിധ സ്പെഷ്യാലിറ്റികളിലായി 38 ഡോക്ടർമാരും 238 നഴ്സുമാരും പങ്കെടുത്തു.

കൊച്ചി മരടിലെ ക്രൗൺപ്ലാസാ ഹോട്ടലിലായിരുന്നു അഭിമുഖങ്ങൾ നടന്നത്. നേരത്തേ അപേക്ഷ നൽകിയവരിൽ നിന്നും യു.കെ യിലെ തൊഴിൽദാതാക്കൾ ഷോട്ട്ലിസ്റ്റ് ചെയ്തവരെയാണ് അഭിമുഖങ്ങൾക്ഷണിച്ചത്. യു.കെ യിൽ നിന്നുള്ള മൈക്ക് റീവ് (ഡെപ്യൂട്ടി സിഇ നാവിഗോ), ജോളി കാരിംഗ്ടൺ (അന്താരാഷ്ട്ര റിക്രൂട്ട്മെന്റ്, പ്രോജക്ട് ലീഡ്) അഞ്ജല ജോൺ, എൻ.എച്ച്.എസ് പ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിലുള്ള 40 അംഗസംഘമാണ് റിക്രൂട്ട്മെന്റിന് നേതൃത്വം നൽകിയത്. യു.കെ സംഘം കഴിഞ്ഞ ദിവസം എറണാകുളം മെഡിക്കൽ കോളേജ് സന്ദർശിക്കുകയും മെഡിക്കൽ, നഴ്സിങ് വിദ്യാർത്ഥികളുമായി സംവദിക്കുകയും ചെയ്തിരുന്നു. നോർക്ക റൂട്സിൽ നിന്നും റിക്രൂട്ട്മെന്റ് മാനേജർ ശ്യാം ടി.കെ യുടെ നേതൃത്വത്തിലുള്ള സംഘവും നടപടിക്രമങ്ങൾക്ക് മേൽനോട്ടം വഹിച്ചു.

നോർക്ക-യു.കെ കരിയർ ഫെയറിന്റെ ആദ്യഘട്ടം 2022 നവംബർ 21 മുതൽ 25 വരെയും രണ്ടാംഘട്ടം 2023 മെയ് 04 മുതലേ 06 വരെയും എറണാകുളത്തായിരുന്നു. ഇരു കരിയർ ഫെയറുകളിലുമായി തിരഞ്ഞെടുക്കപ്പെട്ട 109 പേർ (വിവിധ വിഭാഗങ്ങളിലായി) ഇതിനോടകം യു.കെയിലെത്തി.

ഇവരുടെ കൂട്ടായ്മ കഴിഞ്ഞ മാസം യോർക്ക്ഷെയറിൽ (യു.കെ) സംഘടിപ്പിച്ചിരുന്നു. നോർക്ക യു.കെ റിക്രൂട്ട്മെന്റ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 24 മണിക്കൂറും പ്രവൃത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറിൽ 18004253939 ഇന്ത്യയിൽ നിന്നും +91 8802012345 വിദേശത്തു നിന്നും (മിസ്ഡ് കോൾ സൗകര്യം) ബന്ധപ്പെടാവുന്നതാണ്. www.norkaroots.org, www.nifl.norkaroots.org എന്നീ വെബ്സൈറ്റുകളിലും വിവരങ്ങൾ ലഭിക്കും.

# മാലിന്യ സംസ്കരണം:വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ഹരിത സഭ

**കൊച്ചി:** മാലിന്യ സംസ്കരണ രംഗത്ത് വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി നവംബർ 14 ന് ശിശു ദിനത്തിൽ ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കുട്ടികളുടെ ഹരിത സഭ സംഘടിപ്പിക്കുന്നു.

പുതുതലമുറയ്ക്ക് മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങളെക്കുറിച്ച് അവബോധം നൽകുന്നതിനും മാലിന്യ മുക്ത നവകേരളത്തിന് പുതിയ ആശയങ്ങൾ രൂപീകരിക്കുന്നതിനുമുള്ള വേദിയാണ് കുട്ടികളുടെ ഹരിതസഭ.

തദ്ദേശസ്ഥാപനങ്ങളിലെയും സ്കൂളുകളിലെയും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും ചോദ്യങ്ങൾ ചോദിക്കുവാനും ഇതിലൂടെ കുട്ടികൾക്ക് അവസരം ലഭിക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ എല്ലാ സ്കൂളുകളിലും തിരഞ്ഞെടുക്കുന്ന 150 മുതൽ 200 വരെ കുട്ടികളെ ഉൾപ്പെടുത്തിയാണ് ഹരിത സഭ സംഘടിപ്പിക്കുന്നത്. ജില്ലയിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ( സർക്കാർ, സ്വകാര്യം, എയ്ഡഡ് ) വിദ്യാർഥികൾക്കും പങ്കെടുക്കാനുള്ള അവസരം ഉണ്ടാവും.

വിദ്യാർത്ഥികൾക്ക് സ്വന്തം സ്കൂളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, മാലിന്യ സംസ്കരണത്തിൽ സ്കൂളിലെ അപര്യാപ്തത കണ്ടെത്തി ആവശ്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അറിയിച്ച് പരിഹാരം കാണുന്നതിനുമുള്ള അവസരം ഉണ്ടായിരിക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനം മാലിന്യ സംസ്കരണ രംഗത്ത് നടത്തുന്ന പ്രവർത്തനങ്ങളും സംവിധാനങ്ങളും സംബന്ധിച്ച റിപ്പോർട്ട് ഹരിതസഭയിൽ അവതരിപ്പിക്കും. ശേഷം ഹരിത സഭയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ജനപ്രതിനിധികളോട് ചോദ്യങ്ങൾ ചോദിക്കുവാനുള്ള അവസരവും ഉണ്ടാവും.



# എല്ലാ ക്ലാസ്സ് മുറികളിലും ശുദ്ധീകരിച്ച കുടിവെള്ളം; മന്ത്രി കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു

**തൃശൂർ**: കേരളത്തിലാദ്യമായി എല്ലാ ക്ലാസ് മുറികളിലും ശുദ്ധീകരിച്ച കുടിവെള്ളം ഉറപ്പാക്കുന്ന ദേശമംഗലം ജി.വി.എച്ച്.എസ്.എസ് സ്കൂളിലെ കുടിവെള്ള പദ്ധതി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗ വികസന, ദേവസ്വം, പാർലമെന്ററികാര്യ വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പൊതുവിദ്യാഭ്യാസരംഗത്ത് മറ്റൊരു മികച്ച മാതൃകയാണ് സ്കൂൾ തുടക്കം കുറിച്ചിരിക്കുന്നത്. സ്കൂളിന്റെ വി.എച്ച്.എസ്.സി കെട്ടിട നിർമ്മാണത്തിനായി രണ്ട് കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

ടി.പി അസോസിയേറ്റ്സിന്റെ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ചാണ് കുടിവെള്ള പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ചത്. 7.51 ലക്ഷം രൂപ ചിലവഴിച്ചു നിർമ്മിച്ചിട്ടുള്ള പദ്ധതിയിലൂടെ സ്കൂളിലെ 70 ക്ലാസ് മുറികളിൽ ശുദ്ധജലം ഉറപ്പാക്കും.

ചടങ്ങിൽ എസ്.സി, എസ്.ടി വികസ കോപ്പറേഷൻ ചെയർമാൻ യു.ആർ. പ്രദീപ് അദ്ധ്യക്ഷത വഹിച്ചു. നാടൻ പാട്ട് ഗായിക പ്രസീത ചിലക്കുടി മുഖ്യാതിഥിയായി.

ദേശമംഗലം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ. ജയരാജ്, ജില്ലാ പഞ്ചായത്ത് അംഗം പി. സാബിറ, മലബാർ എഞ്ചിനീയറിംഗ് കോളേജ് ചെയർമാൻ കെ.എസ്. ഹംസ, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ദീപു പ്രസാദ്, പി. സുശീല, ഗ്രാമ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മധു, ഗ്രാമ പഞ്ചായത്ത് അംഗം പുഷ്പജ, സഹകരണ ബാങ്ക് പ്രസിഡന്റ് സക്കീർ ഹുസൈൻ, സി.പി. അസോയേറ്റ്സ് ബേബി, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ കെ.കെ. മുരളീധരൻ, മുഹമ്മദ് കാസിം, എസ്.എം.സി ചെയർമാൻ യു. അനീഷ്, എം.പി.ടി.എ പ്രസിഡണ്ട് ജയ, വി.എച്ച്.എസ്.ഇ പ്രിൻസിപ്പാൾ പി. സൈബ, ജി.വി.എച്ച്.എസ് എച്ച്.എം വി.സി. ലസീന, ദേശമംഗലം ജി.വി.എച്ച്.എസ് പ്രിൻസിപ്പാൾ എ. ശ്രീകല, പിടിഎ പ്രസിഡണ്ട് കെ.എസ്. ദിലീപ് തുടങ്ങിയവർ പങ്കെടുത്തു.

# മാരിടൈം പരിശീലന കേന്ദ്രത്തെ ഭാവിയിൽ മാരിടൈം യൂണിവേഴ്സിറ്റിയായി ഉയർത്തും: മന്ത്രി അഹമ്മദ് ദേവർകോവിൽ

**തൃശൂർ**: മാരിടൈം പരിശീലന കേന്ദ്രങ്ങൾ ഗുജറാത്തിലും ചെന്നൈയിലുമുള്ള മാരിടൈം യൂനിവേഴ്സിറ്റിയുമായി ചേർന്ന് കപ്പൽ ഗതാഗതം, മാരിടൈം നിയമം, മാരിടൈം മാനേജ്മെന്റ് എന്നി കോഴ്സുകൾ നടത്തുകയും ഭാവിയിൽ ലോകത്തിന് തന്നെ മാതൃകയായി മാരിടൈം യൂണിവേഴ്സിറ്റിയായി ഉയർത്തുകയാണ് സർക്കാർ ലക്ഷ്യമെന്ന് തുറമുഖം മ്യൂസിയം പുരാവസ്തു വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ. അഴീക്കോട് മാരിടൈം കോളേജിൽ ഉൾനാടൻ ജലഗതാഗത നിയമപ്രകാരം പരിഷ്കരിച്ച ഐ.വി. (ഇൻലാൻഡ് വെസ്സൽ) റൂൾ പ്രകാരമുള്ള കോഴ്സുകൾ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

വലിയ കരുത്ത് പകരുന്ന നൂതന ആശയങ്ങളും പദ്ധതികളും മാരിടൈം ബോർഡ് ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. തുറമുഖങ്ങളെ അടിസ്ഥാനമാക്കി തീരദേശ മേഖലയെ സംസ്ഥാനത്തിന്റെ ആകെ വികസനത്തിന് പ്രയോജനപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യം. സംസ്ഥാന സർക്കാർ വലിയ പ്രതീക്ഷയോടെ നോക്കിക്കാണുന്ന മേഖലയാണ് തുറമുഖങ്ങളെന്നും ചടങ്ങിൽ മന്ത്രി പറഞ്ഞു.

വാണിജ്യ ആവശ്യത്തിന് വിഴിഞ്ഞം തുറമുഖം തുറന്ന് കൊടുക്കുന്നതോടെ തീരദേശത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കും. സാങ്കേതിക വൈദഗ്ധ്യം ഉണ്ടെങ്കിൽ തുറമുഖം, കപ്പൽ എന്നിവിടങ്ങളിൽ ജോലി സാധ്യത ഉറപ്പാണ്. രാജ്യത്തിന്റെയും സംസ്ഥാനങ്ങളുടെയും വികസന സാധ്യതകളിൽ തുറമുഖവും അനുബന്ധ വികസന പ്രവർത്തനങ്ങളും ഇനിയുള്ള നാളുകളിൽ അങ്ങേയറ്റം പ്രാധാന്യമർഹിക്കുന്നു.

അതിനോടൊപ്പം പ്രാധാന്യമുള്ളതാണ് ഉൾനാടൻ ജലഗതാഗതവും ചരക്കു നീക്കവും, ഹൗസ് ബോട്ട് ഉൾപ്പെടെയുള്ള വിനോദ സഞ്ചാര മേഖലയിലെ പ്രവർത്തനങ്ങളുമെന്നും തദ്ദേശീയരായ ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്പെടുന്ന മേഖലയാണിതെന്നും മന്ത്രി പറഞ്ഞു.

ഈ രംഗത്ത് പരിജ്ഞാനമുള്ളവരെ കൊണ്ടുവരണമെന്നാണ് വകുപ്പിന്റെ തിരുമാനം.

അതാണ് ഇത്തരം കോഴ്സുകൾ നടപ്പാക്കുന്നത്. ജലഗതാഗത യാനങ്ങളിൽ ജോലി നോക്കുന്നവർക്ക് സർട്ടിഫിക്കറ്റും വൈദഗ്ധ്യവും നിർബന്ധമാണ്. ഈ അടിയന്തിര സാഹചര്യം പരിഗണിച്ചാണ് മാരിടൈമിലൂടെ കോഴ്സുകൾ നടപ്പാക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

അഴീക്കോട് മുനക്കൽ മുസിരീസ് ഡോൾഫിൻ ബീച്ചിലെ മാരിടൈം അക്കാദമിയിൽ നടന്ന ചടങ്ങിൽ ഇ.ടി ടൈസൺ മാസ്റ്റർ എംഎൽഎ അധ്യക്ഷത വഹിച്ചു.

തീരദേശ മേഖലയിലും ഉൾനാടൻ ജലഗതാഗത മേഖലയിലും സാമൂഹിക മേഖലയിലും വർദ്ധിച്ച് വരുന്ന തൊഴിലവസരങ്ങൾക്ക് സാധ്യത നൽകുന്ന പ്രൊഫഷണൽ യോഗ്യതയുള്ള വിദഗ്ധരെ വാർത്തെടുക്കാനും പരിശീലനങ്ങൾ നൽകാനുമാണ് പുതിയ കോഴ്സുകൾ അനുവദിച്ചിരിക്കുന്നത്.

ചടങ്ങിൽ ഏറിയാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.പി. രാജൻ, ജില്ലാ പഞ്ചായത്ത് മെമ്പർമാരായ സുഗതാ ശശിധരൻ, കെ.എസ്. ജയ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ നൗഷാദ് കറുകപ്പാടത്ത്, ഗ്രാമപഞ്ചായത്ത് മെമ്പർ സുമിത ഷാജി, മാരിടൈം ബോർഡ് ചെയർമാൻ എൻ. ശിവശങ്കരപ്പിള്ള, മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഷൈൻ എ. ഹഖ്, മാരിടൈം ബോർഡ് മെമ്പർമാരായ അഡ്വ. എം.പി. ഷിബു, അഡ്വ. സുനിൽ ഹരീന്ദ്രൻ, വി.സി. മധു, കാസിം ഇരിക്കൂർ, മറ്റു ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# സാസ്ഥികം 2023 ഒരുക്കങ്ങൾ പൂർത്തിയായി

കൊച്ചി: മലയാള ഭാഷാ വാരാഘോഷത്തിന്റെ ഭാഗമായി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ, ജില്ലയിൽ ഏതെങ്കിലും കാലയളവിൽ ജോലിചെയ്ത് സ്ഥലം മാറ്റം ലഭിച്ച് പോയവർ, സർവ്വീസിൽ നിന്നും വിരമിച്ചവർ എന്നിവരെ ഉൾപ്പെടുത്തി കൂട്ടായ്മ സംഗമം സാസ്ഥികം 2023 സംഘടിപ്പിക്കുന്നു.

നവംബർ 11 ശനിയാഴ്ച എറണാകുളം നോർത്ത് ടൗൺ ഹാളിൽ രാവിലെ 9 മുതൽ വൈകിട്ട് 5 വരെയാണ് പരിപാടി നടത്തുന്നത്. പരിപാടിയുടെ ഉദ്ഘാടനം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ ബി.ശ്രീകുമാർ നിർവ്വഹിക്കും. വകുപ്പ് തയ്യാറാക്കിയ ആനുവൽ വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് 2022 വകുപ്പ് മുൻ ഡയറക്ടറായ തോമസ് സ്ലീബ പ്രകാശനം ചെയ്യും. വകുപ്പ് മുൻ ഡയറക്ടർമാരായ ഇ.ബേബി, പി.വി.ബാബു, ജോയിന്റ് ഡയറക്ടർ ആർ.സുദർശ തുടങ്ങിയവർ പങ്കെടുക്കും. വകുപ്പിലെ മുതിർന്ന അംഗങ്ങളെ ആദരിക്കൽ, കാർഷിക സെൻസസ് സംസ്ഥാനത്ത് ആദ്യമായി പൂർത്തീകരിച്ച താലൂക്ക്തല സ്റ്റാറ്റിസ്റ്റിക്കൽ ഉദ്യോഗസ്ഥരെ ആദരിക്കൽ, വകുപ്പ് നടത്തിയ വിവിധ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാന വിതരണം എന്നിവ ഉണ്ടായിരിക്കും. സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ നീതു ലക്ഷ്മിയുടെ ക്ലാസിക്കൽ ഡാൻസും താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ കെ.എസ്.വിശ്വനാഥ് & ടീം അവതരിപ്പിക്കുന്ന സംഗീതവിരുന്നും വകുപ്പിലെ ജീവനക്കാരുടെ വിവിധ കലാപരിപാടികളും അരങ്ങേറും. രജിസ്ട്രേഷൻ, പബ്ലിക്കേഷൻ, ഫിനാൻസ്, ഫുഡ്, റിസപ്ഷൻ തുടങ്ങിയ വിവിധ കമ്മിറ്റികളുടെ പ്രവർത്തനം സജീവമായി നടന്നുവരുന്നുണ്ടെന്ന് ഡെപ്യൂട്ടി ഡയറക്ടർ എ.പി ഷാജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9447726489, 7356372433 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

# ശബരിമല മണ്ഡലകാലം: ഇടുക്കിതേനി അന്തർസംസ്ഥാനയോഗം ചേർന്നു

**ശബരിമല:** മണ്ഡലകാലത്തോടനുബന്ധിച്ചു തമിഴ്നാട്ടിൽ നിന്നെത്തുന്ന തീർത്ഥാടകർക്ക്ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഇടുക്കി തേനി അന്തർസംസ്ഥാനയോഗം ചേർന്നു. ഇടുക്കി ജില്ലാ കളക്ടർ ഷീബ ജോർജ്, തേനി കളക്ടർ ആർ വിഷജീവാനാ എന്നിവരുടെ നേതൃത്വത്തിലാണ് യോഗം ചേർന്നത്. തേക്കടി രാജീവ് ഗാന്ധി ഓഡിറ്റോറിയത്തിൽ നടന്ന യോഗത്തിൽ ജില്ലയിലെ വിവിധ വകുപ്പ് മേധാവികളും ഉദ്യോഗസ്ഥരും പങ്കെടുത്തു.

യോഗത്തിൽ കഴിഞ്ഞ വർഷത്തെ പോലെ ഇക്കൊല്ലവും ശബരിമല തീർത്ഥാടനത്തിനെത്തുന്ന ഭക്തജനങ്ങളുടെ സുരക്ഷയ്കായുള്ള പ്രവർത്തനങ്ങൾ തമിഴ്നാട്കേരള സർക്കാരിന്റെ സംയുക്തഭിമുഖ്യത്തിൽ നടപ്പിലാക്കുമെന്ന് കളക്ടർമാർ അറിയിച്ചു.

തമിഴ്നാട് സർക്കാരിന്റെ ഭാഗത്തുനിന്ന് പുല്ലുമേട് പ്രദേശത്ത് പോലീസ് ഉദ്യോഗസ്ഥരെ പ്രത്യേകം നിയോഗിക്കും. ഇതോടൊപ്പം കമ്പം തേക്കടി റൂട്ടിൽ പാട്രോൾ ടീമിനെയും നിയോഗിക്കുന്നതാണ്. കൂടാതെ മെഡിക്കൽ ടീമിനെയും പ്രധാന പോയിന്റുകളിൽ ആംബുലൻസുകളും സജ്ജീകരിക്കുമെന്നും തേനി കളക്ടർ അറിയിച്ചു.

പ്രധാനമായും റോഡ് സുരക്ഷ, മാലിന്യനിക്ഷേപം എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ജനങ്ങൾക്ക് ബോധവത്കരണം നൽകണം. കളക്ടറേറ്റിലും, താലൂക്കുകളിലും കണ്ട്രോൾ റൂമുകൾ സജ്ജീകരിച്ചുകഴിഞ്ഞു. എല്ലാ വകുപ്പുകളിലും ഇത്തരത്തിൽ കണ്ട്രോൾ റൂമുകൾ എത്രയും വേഗം സജ്ജകരിക്കണെമെന്നും ഇടുക്കി കളക്ടർ ആവശ്യപ്പെട്ടു. ഈ വർഷം തിരക്കുകൂടുന്ന സാഹചര്യത്തിൽ ആവശ്യമെങ്കിൽ മാത്രം ബൈറൂട്ട് സംവിധാനം ഏർപ്പെടുത്തുമെന്നും കളക്ടർ അറിയിച്ചു.

മണ്ഡലകാലത്തോട്അനുബന്ധിച്ച് വിവിധ വകുപ്പുകളുടെയും പഞ്ചായത്തുകളുടെയും നേതൃത്വത്തിൽ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ യോഗത്തിൽ വിലയി രുത്തി. മോട്ടോർ വാഹന വകുപ്പിന്റെയും എക്സൈസ് വകുപ്പിന്റെയും സ്ക്വാ ഡുകളുടെ പരിശോധന കർശനമാക്കും . ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ 3 സ്ഥലങ്ങളിൽ അത്യാഹിത വിഭാഗവും വണ്ടിപെരിയൽ, കുമളി എന്നിവിടങ്ങളിൽ ഒ പി വിഭാഗത്തിന്റെ സേവനവും ഒരുക്കും. ഇതോടൊപ്പം ഈ വർഷം സീതകുളത്ത് പ്രത്യേക ഓക്സിജൻ സപ്ലൈ യൂണിറ്റ് സ്ഥാപിക്കുന്നതിനും യോഗത്തിൽ തീരുമാനമായി. യാത്രസൗകര്യം സുഖമമാകുന്നതിനായി 12 പ്രത്യേക പമ്പ ബസുകളാണ് കെ എസ് ആർ ടി സി സർവീസ് നടത്തുക. ശുചിത്വമിഷന്റെയും പഞ്ചായത്തുകളുടെ യും നേതൃത്വത്തിൽ താൽകാലിക ശൗചാ ലയങ്ങൾ ഒരുക്കും. ഇതോടൊപ്പം പ്ലാസ്റ്റിക് ബാഗുകൾക്ക്പകരം തുണിസഞ്ചികൾ നൽകുന്നതിനുള്ള സജ്ജീകരണം ഒരുക്കും. ഇടുക്കി ജില്ലാ പോലീസ് മേധാവി വി യു കുര്യാക്കോസ്, തേനി എസ് പി പ്രവിൻ യു ഡോൺഗ്രെ, ഉത്തമപാളയം എ എസ് പി മധുകുമാരി, കോട്ടയം ഡി എഫ് ഒ എൻ രാജേഷ്, ആർ ടി ഒ (ഇ ) നസിർ പി എ, പെരിയാർ കടുവ സങ്കേതം അസി. ഫീൽഡ് ഡയറക്ടർ സുഹൈബ് പി ജി, വിവിധ വകുപ്പ് തല മേധാവികൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## സൗജന്യ പ്രമേഹ രോഗ പരിശോധന

**കൊച്ചി:** ലോക പ്രമേഹദിനത്തോടനുബന്ധിച്ച് എറണാകുളം ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിയിൽ നവംബർ 14 ന് സൗജന്യ പ്രമേഹ രോഗ നിർണ്ണയ ക്യാമ്പ് നടത്തും. രാവിലെ ഒമ്പത് മുതൽ ഉച്ചയ്ക്ക് ഒരുമണിവരെയാണ് ക്യാമ്പ്. എച്ച്ബി എവൺസി(ഒയഅ1ഇ), ബ്ലഡ് ഷുഗർ, റെറ്റിനോപതി , ന്യൂറോപതി എന്നി പരിശോധനകൾ സൗജന്യമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 04844077400, 3512123, 7025350481 എന്നീ നമ്പരുകളിൽ ബന്ധപ്പെടണം

## ലഹരി രഹിതപുകയിലരഹിത വിദ്യാലയ പദ്ധതി: ഉദ്ഘാടനം നവംബർ 14 ന്

**കൊച്ചി:** ലഹരി ഉപയോഗത്തെ ദീർഘകാല അടിസ്ഥാനത്തിൽ നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുടെ നേതൃത്വത്തിൽ ലഹരി രഹിത പുകയിലരഹിത വിദ്യാലയ പദ്ധതി ആരംഭിക്കുന്നു. നവംബർ 14 ന് 11ന് എറണാകുളം എസ്ആർവി ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ മേയർ എം അനിൽകുമാർ പദ്ധതി ഉദ്ഘാടനം ചെയ്യും. ജില്ലാ ജഡ്ജിയും കേരള ലീഗൽ സർവീസ് അതോറിറ്റി മെമ്പർ സെക്രട്ടറിയുമായ ജോഷി ജോൺ ചടങ്ങിൽ അധ്യക്ഷത വഹിക്കും. സംസ്ഥാന ആരോഗ്യവകുപ്പ് തയ്യാറാക്കിയ 9 മാനദണ്ഡങ്ങൾ പാലിച്ച് എല്ലാ വിദ്യാലയങ്ങളെയും പുകയിലരഹിത വിദ്യാലയമായി പ്രഖ്യാപിച്ച് ലഹരി രഹിത ഇടങ്ങൾ പ്രഖ്യാപിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ജില്ലാ നിയമസേവന അതോറിറ്റി സബ് ജഡ്ജ് രഞ്ജിത് കൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തും. കെ.വി.എച്ച്.എസ് എക്സിക്യൂട്ടീവ് ഡയറക്ടർ സാജു വി ഇട്ടി പദ്ധതി വിശദീകരണം നടത്തും. ചടങ്ങിൽ വാർഡ് കൗൺസിലർ പത്മജ, വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഹണി ജി അലക്സാർ, ജില്ലാ മെഡിക്കൽ ഓഫീസർ ഇൻ ചാർജ് ഡോ.കെ കെ ആശ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ വി രാമചന്ദ്രൻ, അസി. എക്സൈസ് കമ്മീഷണർ ടി.എൻ സുധീർ തുടങ്ങിയവർ പങ്കെടുക്കും.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് 202324 പദ്ധതിയിൽ ഉൾപ്പെടുത്തി കിഴക്കമ്പലം പഞ്ചായത്തിലെ ഒന്നാം വാർഡിൽ മനയ്ക്കാമൂല എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന പകൽ വീട്ടിലേക്ക് ഗുണഭോക്താക്കളെ കൊുവരുന്നതിനും തിരികെ കൊു പോകുന്നതിനും 01/12/2023 മുതൽ 30/11/2024 വരെയുള്ള കാലയളവിൽ ഡ്രൈവർ ഉൾപ്പെടെ വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിന് ടെൻഡർ ക്ഷണിച്ചു. ടെൻഡർ ഫോം സ്വീകരിക്കുന്ന അവസാന തീയതി നവംബർ 20 ഉച്ചയ്ക്ക് 2 വരെ. വിശദ വിവരങ്ങൾ വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗിൽ പ്രവർത്തിക്കുന്ന വാഴക്കുളം ഐസിഡിഎസ് പ്രോജക്ട് ഓഫീസിൽ നിന്നും ലഭ്യമാണ്.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** മൂവാറ്റുപുഴ ഐസിഡിഎസ് ഓഫീസ് ആവശ്യത്തിനായി 202324 സാമ്പത്തിക വർഷം ഒരു കാർ വാടകയ്ക്ക് നൽകുന്നതിന് താല്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വ്യവസ്ഥകൾക്ക് വിധേയമായി മത്സരസ്വഭാവമുള്ള ടെൻഡറുകൾ നവംബർ 27 ന് ഉച്ചയ്ക്ക് 2 വരെ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04852814205.

## കുടിശ്ശിക നിർമാർജ്ജന അദാലത്ത് നീട്ടി

**കൊച്ചി:** കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിന്നും പാറ്റേൺ സി.ബി.സി പദ്ധതിപ്രകാരം വായ്പയെടുത്ത് കുടിശ്ശിക വരുത്തിയിട്ടുള്ള എറണാകുളം ജില്ലയിലെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കുടിശ്ശിക തീർക്കുന്നതിനായി നിബന്ധനങ്ങൾക്ക് വിധേയമായി പലിശ, പിഴ പലിശ കിഴിവുകളോടെ ഒടുക്കാൻ നവംബർ 30 വരെ നീട്ടി. കൂടുതൽ വിവരങ്ങൾക്ക് എറണാകുളം ജില്ലാ ഖാദി ഗ്രാമ വ്യവസായ കാര്യാലയം. ഫോൺ:04844869083.

## കെൽട്രോൺ അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കെൽട്രോണിന്റെ എറണാകുളം സെന്ററിൽ ഒരു വർഷം ദൈർഘ്യമുള്ള സർക്കാർ അംഗീകൃത കോഴ്സുകളായ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ് വെയർ ആന്റ് നെറ്റ് വർക്ക് മെയിന്റൻസ് വിത്ത് ഇഗാഡ്ജറ്റ് ടോക്നോളജി, ലാപ്ടോപ്പ് ടെക്നോളജി, കൂടാതെ സർക്കാർ അംഗീകൃതവും പി.എസ്.സി നിയമനങ്ങൾക്ക് യോഗ്യവുമായ ഓഫീസ് ഓട്ടോമേഷൻ, പിജിഡിസിഎ, ഡിസിഎ, വേഡ് പ്രോസസിങ് ആന്റ് ഡാറ്റാ എൻട്രി, കമ്പ്യൂട്ടറൈസ്ഡ് ഫിനാഷ്യൽ അക്കൗിങ് എന്നീ കോഴ്സുകളിലേക്ക് ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. അവസാന തീയതി നവംബർ 20. പ്രായപരിധിയില്ല. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842971400, 8590605259. ഫോൺ നമ്പരിലോ ഹെഡ് ഓഫ് സെന്റർ, കെൽട്രോൺ നോളേജ് സെന്റർ, കലൂർ, എറണാകുളം വിലാസത്തിലോ ബന്ധപ്പെടണം.

# സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിന് തുടക്കമായി



**കൊച്ചി:** സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിന് കളമശേരിയിൽ തുടക്കമായി. വിദ്യാഭാസ മന്ത്രി വി.ശിവൻകുട്ടി കലോൽസവം ഉദ്ഘാടനം ചെയ്തു.സ്പെഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് മന്ത്രി വി.ശിവൻകുട്ടി പറഞ്ഞു.വിദ്യാഭ്യാസത്തിലെ സമഗ്രതയുടെയും മികവിന്റെയും ആഘോഷമാണ് സ്പെഷ്യൽ സ്കൂൾ കലോത്സവം. കേരള വിദ്യാഭ്യാസ മാതൃക വ്യക്തികളുടെയും കുടുംബങ്ങളുടെയും സമൂഹങ്ങളുടെയും ജീവിതത്തിൽ ചെലുത്തിയ സ്വാധീനം ആഴത്തിലുള്ളതാണ്. വിദ്യാഭ്യാസത്തിലെ സമഗ്രത, ഗുണനിലവാരം, പ്രവേശനക്ഷമത എന്നിവയുടെ തെളിവാണിത്. വിദ്യാർത്ഥികളുടെ പശ്ചാത്തലമോ കഴിവുകളോ പരിഗണിക്കാതെ എല്ലാവർക്കും വിദ്യാഭ്യാസം നൽകുന്നതിൽ കേരളം ശ്രദ്ധേയമായ മുന്നേറ്റം നടത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നയങ്ങളും പരിപാടികളും സാക്ഷരതാ നിരക്ക് വർധിപ്പിക്കുക മാത്രമല്ല ഭിന്നശേഷിയുള്ളവരുടെ ജീവിതത്തെ മാറ്റിമറിച്ചുവെന്നും മന്ത്രി പറഞ്ഞു. സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ നാല് അന്ധവിദ്യാലയങ്ങൾക്കും മൂന്ന് ബധിര വിദ്യാലയങ്ങൾക്കുമായി 202324 വർഷത്തെ പ്ലാൻ ഫണ്ടിൽ 170 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആദ്യ ഗഡുവായി 90 ലക്ഷം രൂപ നൽകും. കോട്ടയം അന്ധവിദ്യാലയവും കുന്നംകുളം ബധിര വിദ്യാലയവും മികവുറ്റതാക്കാനുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി സ്കൂളുകൾക്ക് പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം സർക്കാർ പരിഷ്കരിച്ചു. 202324 വർഷത്തെ ധനസഹായം വിതരണം ചെയ്യുന്നതിന് 45 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കി. അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.ഭിന്നശേഷി സൗഹൃദ സ്കൂൾ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ പ്രധാന അധ്യാപകർക്ക് നിർണായക പങ്കുണ്ട്. ഗുണമേന്മയുള്ള ഉൾച്ചേർക്കൽ ഉറപ്പാക്കാൻ, ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള അവകാശങ്ങളെക്കുറിച്ചും ലഭ്യമായ സഹായങ്ങളെക്കുറിച്ചും പ്രധാന അധ്യാപകർക്ക് ആഴത്തിലുള്ള ധാരണ ഉണ്ടായിരിക്കണം. പ്രീപ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള എല്ലാ തലങ്ങളിലുമുള്ള പ്രധാന അധ്യാപകരെ ബോധവൽക്കരിക്കുന്നതിനും സ്കൂളിലെ എല്ലാവരുടെയും കാഴ്ചപ്പാടുകളെ മികച്ച രീതിയിൽ പിന്തുണയ്ക്കുന്നതിനും സ്വാധീനിക്കുന്നതിനുമായി ഒരു പ്രത്യേക പരിശീലന പരിപാടി നടന്നുവരുന്നു.സ്പെഷ്യൽ സ്കൂൾ കലോത്സവം ആഘോഷിക്കാൻ ഒത്തുകൂടുമ്പോൾ സമർപ്പണത്തിലൂടെയും ഉൾക്കൊള്ളുന്നതിലൂടെയും വിദ്യാഭ്യാസത്തിന്റെ പരിവർത്തന ശക്തിയോടുള്ള പ്രതിബദ്ധതയിലൂടെയും എന്തെല്ലാം നേടാനാകും എന്നതിന്റെ ഉജ്ജ്വലമായ ഉദാഹരണമാണ് വിദ്യാഭ്യാസത്തിന്റെ കേരള മോഡൽ എന്ന് നമുക്ക് ഉറപ്പിച്ചു പറയാമെന്ന് മന്ത്രി പറഞ്ഞു. കെ. ബാബു എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.അൻവർ സാദത്ത് എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, വിദ്യാഭ്യാസ ഡയറക്ടർ എസ്. ഷാനവാസ്, ജില്ലാ പ്ലാനിംഗ് ബോർഡ് അംഗം ജമാൽ മണക്കാടൻ, കളമശ്ശേരി നഗരസഭ ചെയർപേഴ്സൺ സീമ കണ്ണൻ, വൈസ് ചെയർപേഴ്സൺ സൽമ അബൂബക്കർ, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ കെ.എച്ച് സുബൈർ, വാർഡ് കൗൺസിലർ അൻവർ കുടിലിൽ, വിദ്യാഭ്യാസ ഉപ ഡയറക്ടർ ഹണി ജി അലക്സാണ്ടർ, മറ്റു ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# തെരേസ മെൽവിന്റെ എൻഎഫ്ടി ചിത്രപ്രദർശനവും ശിൽപ്പശാലയും കൊച്ചിയിൽ

**കൊച്ചി:** യുഎസിലെ ടെക്സാസിലുള്ള മലയാളി ബാലിക തെരേസാ മെൽവിന്റെ (14) എൻഎഫ്ടി ഡിജിറ്റൽ ചിത്രങ്ങളുടെ പ്രദർശനവും 8 മുതൽ 12 വരെയുള്ള കുട്ടികൾക്കുള്ള എൻഎഫ്ടി ശിൽപ്പശാലയും കൊച്ചി പനമ്പിള്ളി നഗറിലെ കഫേ പപ്പായയിൽ നടക്കും. പതിനൊന്ന് ഡിജിറ്റൽ സ്ക്രീനുകളിലായി തെരേസയുടെ നൂറിലേറെ ഡിജിറ്റൽ കലാസൃഷ്ടികൾ പ്രദർശനത്തിനുണ്ടാവുക. ഇന്നും നാളെയും രാവിലെ 10 മുതൽ വൈകീട്ട് എട്ടു വരെയാണ് ചിത്രങ്ങളുടെ പ്രദർശനം. ശനിയാഴ്ച രാവിലെ 11:30 മുതൽ 1:30 വരെയും ഉച്ചയ്ക്ക് 3 മുതൽ 5 വരെയുമുള്ള രണ്ട് ബാച്ചുകളിലായാണ് 8 മുതൽ 12 വരെ പ്രായമുള്ള കുട്ടികൾക്ക് ഡിജിറ്റൽ ചിത്രരചന, എൻഎഫ്ടിയിലെ വിൽപ്പന എന്നീ വിഷയങ്ങളിൽ തെരേസാ മെൽവിൻ ശിൽപ്പശാല നടത്തുക. പ്രവേശനം സൗജന്യമാണെങ്കിലും സീറ്റുകൾ പരിമിതമായതുകൊണ്ട് ഇന്ന് കഫേ പപ്പായയിൽ നടക്കുന്ന സ്പോട് രജിസ്ട്രേഷനിലൂടെയാണ് കുട്ടികൾക്ക് ശിൽപ്പശാലയിൽ പങ്കെടുക്കാൻ പേരു നൽകാനാവുക.പാലക്കാട് സ്വദേശി മെൽവിന്റേയും കൊച്ചി ഏലൂർ സ്വദേശിനി നിമ്മിയുടേയും മകളായ തെരേസ കഴിഞ്ഞ ആറു വർഷമായി യുഎസിലെ ടെക്സാസിലാണ്. തൃപ്പൂണിത്തുറ ആർഎൽവി കോളേജിൽ നിന്ന് ചിത്രകല അഭ്യസിച്ചവരാണ് തെരേസയുടെ മാതാപിതാക്കൾ. എന്നാൽ ടെക്സാസിൽ ഐടി രംഗത്താണ് മെൽവിൻ ജോലി ചെയ്യുന്നത്.ഇതുവരെ തെരേസയുടെ ആയിരത്തിലേറെ കലാസൃഷ്ടികളാണ് എൻഎഫ്ടിയിലൂടെ വിറ്റുപോയിട്ടുള്ളത്. ആംസ്റ്റർഡാമിൽ നടന്ന മെറ്റ്ആംസ്



വെബ്3 ഇവന്റിൽ ക്രിയേറ്റർ ഓഫ് ദി ഇയർ അവാർഡും തെരേസ നേടിയിട്ടുണ്ട്. അഡോബ് എൻഎഫ്ടി, എൻഎഫ്ടി എൻവൈസി, ലണ്ടൻ, മയാമി, സാൻഡിയാഗോ തുടങ്ങിയ വേദികളിലും തെരേസ പ്രസംഗിച്ചിട്ടുണ്ട്. ഏവ, റാമോണ എന്നീ കഥാപാത്രങ്ങളുടെ സ്രഷ്ടാവുകൂടിയാണ് തെരേസ. ന്യൂയോർക്കിലെ പ്രസിദ്ധമായ ടൈംസ് സ്ക്വയറിലെ ബിൽബോർഡിലും തെരേസയുടെ ചിത്രങ്ങൾ ഇടം പിടിച്ചിട്ടുണ്ട്.

# ഓർബിസ്‌ലൈവ്സ് ഹാഫ് മാരത്തൺ 12 ന് :ഒരുക്കങ്ങൾ പൂർത്തിയായി

**കൊച്ചി :** തൃപ്പൂണിത്തുറ റോട്ടറി ക്ലബ്ബ് ഐ.എം.എ കൊച്ചിയുടെ സഹകരണത്തോടെ നവംബർ 12 ന് സംഘടിപ്പിക്കുന്ന ഓർബിസ്‌ലൈവ്സ് ഹാഫ് മാരത്തണിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി തൃപ്പൂണിത്തുറ റോട്ടറി ക്ലബ്ബ് പ്രസിഡന്റ് ബിനോജ് പോൾ, സെക്രട്ടറി സുകുമാരൻ നായർ,ഓർബിസ്‌ലൈവ്സ് മാനേജിംഗ് ഡയറക്ടർ ആന്റൺ ഐസക്ക് എന്നിവർ അറിയിച്ചു. പുലർച്ചെ 4.30ന് കാക്കനാട് ചിറ്റിലപ്പള്ളി സ്ക്വയറിൽ നിന്നാരംഭിക്കുന്ന മാരത്തൺ ഫിറ്റ്നസ് ഐക്കണും മുൻ ഇന്ത്യൻ ക്രിക്കറ്റ് താരവുമായ ടിനു യോഹന്നാൻ ഫ് ളാഗ് ഓഫ് ചെയ്യും. ചിറ്റിലപ്പിള്ളി ഗ്രൂപ്പ് ചെയർമാൻ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി, വേൾഡ് ബോക്സിംഗ് ചാമ്പ്യൻ കെ.എസ്.വിനോദ്, സിനിമാതാരം വരദ, ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. എം.എം.ഹനീഷ്, റോട്ടറി ഡിസ്ട്രിക്റ്റ് 3201 ന്റെ ഗവർണർ ടി.ആർ. വിജയകുമാർ,അഡ്വ. കെ.വി.സാബു, ഡോ.വിപിൻ റോൾഡന്റ് തുടങ്ങിയവർ പങ്കെടുക്കും. മുതിർന്നവർക്ക് 21 കിലോമീറ്റർ, 10 കിലോമീറ്റർ, കുട്ടികൾക്കും കുടുംബത്തോടൊപ്പവും ഓടുന്നവർക്ക് 3 കിലോമീറ്റർ ഫൺ റൺ എന്നിങ്ങനെയാണ് മാരത്തൺ നടക്കുന്നത്. 21 കിലോമീറ്ററിൽ പങ്കെടുക്കുന്നവർ 12ന് പുലർച്ചെ നാലരയ്ക്കും 10 കിലോമീറ്ററിൽ പങ്കെടുക്കുന്നവർ അഞ്ചരയ്ക്കും ഫൺ റണ്ണിൽ പങ്കെടുക്കുന്നവർ ആറരയ്ക്കും റിപ്പോർട്ട് ചെയ്യണം.കാക്കനാട്, തൃക്കാക്കര, എൻ.എ.ഡി എന്നിവിടങ്ങളിലൂടെ കടന്ന് തിരികെ ചിറ്റിലപ്പള്ളി സ്ക്വയറിൽസമാപിക്കുന്ന വിധമാണ് മാ




രത്തൺ ക്രമീകരിച്ചരിക്കുന്നത്. മാരണത്തൺ കടന്നുപോകുന്ന വഴികളിൽ ഓട്ടക്കാർക്കായി ദിശാ ബോർഡുകൾ ഉൾപ്പെടെ സ്ഥാപിക്കുന്ന നടപടികൾ പൂർത്തിയായിവരികയാണ്. പുലർച്ചെ നാലരയ്ക്ക് ആരംഭിക്കുന്ന മാരത്തൺ രാവിലെ ഏഴരയോടെ പൂർത്തിയാകും. പോലീസ് അനുമതിയോടെ നടക്കുന്ന മാരത്തൺ എല്ലാവിധ ഗതാഗത നിയമങ്ങളും പാലിച്ചായിരിക്കും നടത്തപ്പെടുക. പങ്കെടുക്കുന്നവർക്ക് ടീ ഷർട്ട്, മെഡൽസ്, ഭക്ഷണം, വെള്ളം, വൈദ്യ സഹായം എന്നിവയും സജ്ജീകരിച്ചിട്ടു. 1.30 ലക്ഷം രൂപയാണ് മൊത്തം സമ്മാനത്തുകയെന്നും സംഘാടകർ അറിയിച്ചു.

## കൊച്ചി വാട്ടർ മെട്രോ:
# മട്ടാഞ്ചേരി വാട്ടർ മെട്രോ ടെർമിനൽ നിർമ്മാണം ഉടൻ

**കൊച്ചി:** പ്രവർത്തനമാരംഭിച്ച് കുറഞ്ഞ മാസങ്ങൾക്കുള്ളിൽ തന്നെ അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധയാകർഷിച്ച കൊച്ചി വാട്ടർ മെട്രോ മറ്റ് സ്ഥലങ്ങളിലേക്ക് കൂടി വ്യാപിക്കാൻ ഒരുങ്ങുകയാണ്. ടൂറിസം പ്രാധാന്യമേറെയുള്ള മട്ടാഞ്ചേരി ടെർമിനൽ പരമാവധി വേഗത്തിൽ യാഥാർത്ഥ്യമാക്കാനുള്ള പരിശ്രമത്തിലാണ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്. ഇതിന്റെ ഭാഗമായി മട്ടാഞ്ചേരി ടെർമിനലിന്റെ നിർമ്മാണ ടെൻഡർ നടപടികൾ പൂർത്തിയായി. എറണാകുളം ആസ്ഥാനമായ ക്രെസന്റ് കോൺട്രാക്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡിനാണ് നിർമ്മാണ കരാർ ലഭിച്ചിരിക്കുന്നത്. പത്ത് മാസത്തിനകം നിർമ്മാണം പൂർത്തിയാക്കി ടെർമിനലിൽ നിന്ന് സർവ്വീസ് ആരംഭിക്കുന്നതിനാണ് കെഎംആർഎൽ ലക്ഷ്യമിടുന്നതെന്ന് കെഎംആർഎൽ, കെഡബ്ല്യുഎംഎൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ അറിയിച്ചു.ടെർമിനലിനായുള്ള സ്ഥലത്തെ നിർമ്മാണത്തിനായുള്ള മുന്നൊരുക്കങ്ങൾ ഉടൻ തുടങ്ങും. ഡിസംബറിൽ ടെർമിനലിന്റെ പൈലിംഗ് ആരംഭിക്കും. പ്രീഫാബ് സ്ട്രക്ച്ചർ ഉൾപ്പെടെയുള്ള നിർമ്മാണ രീതികളാണ് ഉപയോഗിക്കുക. ഒരേസമയം പല നിർമ്മാണ ജോലികൾ ഒരുമിച്ച് നടത്തി ടെർമിനൽ കൃത്യ സമയത്ത് തന്നെ പൂർത്തിയാക്കുകയാണ് ലക്ഷ്യം.ഹൈക്കോർട്ട് ജംഗ്ഷനിൽ നിന്ന് സൌത്ത് ചിറ്റൂരിലേക്കുള്ള സർവ്വീസ് ആണ് അടുത്തതായി ആരംഭിക്കുക. ഇതിനായുള്ള സജ്ജീകരണങ്ങൾ അവസാന ഘട്ടത്തിലാണ്. ഫോർട്ട് കൊച്ചി, മുളവുകാട് നോർത്ത്, വില്ലിംഗ്ടൺ ഐലൻഡ്, കുമ്പളം, കടമക്കുടി, പാലിയംതുരുത്ത് ടെർമിനലുകളുടെയും നിർമ്മാണം അതിവേഗം പുരോഗമിക്കുകയാണ്. പ്രധാന ടെർമിനലുകളിൽ ഒന്നായ ഫോർട്ട് കൊച്ചി ടെർമിനലിന്റെ നിർമ്മാണം ഡിസംബറിൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്.

# കെസിബിസി മീഡിയ അവാർഡുകൾ പ്രഖ്യാപിച്ചു

**കൊച്ചി:** കെസിബിസി മീഡിയ കമ്മീഷന്റെ 2023ലെ അവാർഡുകൾ പ്രഖ്യാപിച്ചു. പ്രഫ.എം തോമസ് മാത്യു, റവ.ഡോ. തോമസ് മൂലയിൽ, ഷീല ടോമി, പൗളി വത്സൻ, അഭിജിത് ജോസഫ്, ജോർജ് കണക്കശേരി, പ്രഫ. കെ. വി. തോമസ് കൈമലയിൽ എന്നിവരാണ് അവാർഡിന് അർഹരായത്.കെസിബിസി മീഡിയ സംസ്കൃതി പുരസ്കാരമാണു ചിന്തകനും എഴുത്തുകാരനുമായ പ്രഫ. എം. തോമസ് മാത്യുവിനു നൽകുന്നത്. മലയാള ലിപി പാഠ്യപദ്ധതിയിൽ തിരികെ എത്തിക്കുന്നതുൾപ്പെടെ, ഭാഷയ്ക്കു നൽകിയ സമഗ്ര സംഭാവനകളെ മുൻനിർത്തിയാണു റവ. ഡോ. തോമസ് മൂലയിലിന് കെസിബിസി മീഡിയ ദാർശനിക വൈജ്ഞാനിക പുരസ്കാരം നൽകുന്നത്.കോളജ് പ്രിൻസിപ്പലും സജീവ സാമൂഹ്യ, സാംസ്കാരിക, സഭാ പ്രവർത്തകനുമായപ്രഫ. തോമസ് കൈമലയിൽ, അരനൂറ്റാണ്ടോളമായായുള്ള അരങ്ങിലെ മികവിന് സംസ്ഥാന, സംഗീത നാടക അക്കാദമി അവാർഡുകൾ നേടിയ ജോർജ് കണക്കശേരി എന്നിവരെ കെസിബിസി ഗു




രുപൂജ പുരസ്കാരം നൽകി ആദരിക്കും.'വല്ലി' എന്ന നോവലിലൂടെ സാഹിത്യ ലോകത്ത് മികവടയാളമെഴുതിയ ഷീല ടോമിയ്ക്കാണു കെസിബിസി സാഹിത്യ അവാർഡ്.നാടക, സിനിമാ മേഖലകളിൽ അഭിനയമികവിൻറെ മുദ്രചാർത്തി സംസ്ഥാന, ദേശീയ അവാർഡുകൾ നേടിയ നടി പൗളി വത്സനു കെസിബിസി മീഡിയ അവാർഡ് നൽകും.സംവിധാന രംഗത്ത് ആദ്യ സിനിമയിലൂടെതന്നെ (ജോൺ ലൂഥർ ) ശ്രദ്ധിക്കപ്പെട്ട അഭിജിത്ത് ജോസഫിനു കെസിബിസി മീഡിയ യുവ പ്രതിഭ പുരസ്കാരമാണു നൽകുക.കെസിബിസി മീഡിയ കമ്മീഷൻ ചെയർമാൻ ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനിയാണു അവാർഡുകൾ പ്രഖ്യാപിച്ചത്. ഡിസംബർ ആറിനു പാലാരിവട്ടം പിഒസിയിൽ നടക്കുന്ന സമ്മേളനത്തിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യുമെന്നു കമ്മീഷൻ സെക്രട്ടറി റവ.ഡോ. ഏബ്രഹാം ഇരിമ്പിനിക്കൽ അറിയിച്ചു.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** കരുവേലിപ്പടി ഗവ മഹാരാജാസ് താലൂക്ക് ആശുപത്രിയില് 01.12.2023 മുതൽ 30.11.2024 വരെയുള്ള കാലയളവിൽ ഗേറ്റ് സെക്യൂരിറ്റി ഏർപ്പെടുത്തുന്നതിനാവശ്യമായ സീൽ ചെയ്ത ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ നവംബർ 20 വരെ നൽകും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842210648.

## 'ലേണിംഗ് ഫ്രണ്ട്‌ലി എറണാകുളം ഡിസ്ട്രിക്ട് ';ഉദ്ഘാടനം ഇന്ന്

**കൊച്ചി:** കുട്ടികളിലെ പഠന വൈകല്യം കണ്ടെത്തുന്നതിനായി ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്(ഐ.എ.പി)ന്റെ നേതൃത്വത്തിൽ ചൈൽഡ് കെയർ സെന്റർ, റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ,എസ്.സി.എം.എസ് കോളജ് എന്നിവർ സംയുക്തമായി വിദ്യാർഥികൾക്കും അധ്യാപകർക്കും പരിശീലനം നൽകുന്ന 'ലേണിംഗ് ഫ്രണ്ട്‌ലി എറണാകുളം ഡിസ്ട്രിക്ട്' പദ്ധതിയുടെ ഉദ്ഘാടനം ഇന്ന് രാവിലെ ഒമ്പതിന് പനമ്പിള്ളി നഗറിലെ റോട്ടറി ബാലഭവനിൽ നടക്കും. ഡിസ്ട്രിക്റ്റ് ഡെവലപ്‌മെന്റ് കമ്മീഷണർ എം.എസ് മാധവിക്കുട്ടി ഐ.എ.എസ് പദ്ധതി ഉദ്ഘാടനം ചെയ്യും.ഐ.എ.പി കൊച്ചിൻ ബ്രാഞ്ച് പ്രസിഡന്റ് ഡോ.എം. എസ് നൗഷാദ് അധ്യക്ഷത വഹിക്കും. ഡോ.അബ്രാഹം കെ.പോൾ, ഡോ.അനിത മാത്യു, പ്രകാശ് അയ്യാനി, പ്രൊഫ. പ്രമോദ് പി.തവനൂർ, ഡോ. എം.ഐ.ജുനൈദ് റഹ്മാൻ, ജോർജ് തോമസ്, ഡോ.രേഖ സഖറിയാസ് എന്നിവരും പ്രസംഗിക്കും.

## ടിബിഒ ടെക് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ട്രാവൽ ഡിസ്ട്രിബ്യൂഷൻ സ്ഥാപനമായ ടിബിഒ ടെക് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ(ഡിആർഎച്ച്പി) സമർപ്പിച്ചു. ഓഹരി ഒന്നിന് ഒരു രൂപ മുഖവിലയുള്ള 400 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 15,635,996 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് കമ്പനി അധികൃതർ അറിയിച്ചു.ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഗോൾഡ്മാൻ സാച്ച്സ് (ഇന്ത്യ) സെക്യൂരിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ്, ജെഫറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## വഴിയോര രുചികൾ ആസ്വദിക്കാൻ അവസരമൊരുക്കി ഒ ബൈ താമര

**തിരുവനന്തപുരം:** ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വഴിയോര രുചികളുമായി 'ഗ്ലോബൽ ഗേർമേ സ്ട്രീറ്റ് ഫെസ്റ്റ്' സംഘടിപ്പിച്ച് ഒ ബൈ താമര. നവംബർ 9 മുതൽ 14 വരെയുള്ള ദിവസങ്ങളിൽ വൈകിട്ട് 7.00ന് ആരംഭിക്കുന്ന സ്ട്രീറ്റ് ഫെസ്റ്റ് 10.30 വരെയാണ് ഒരുക്കിയിരിക്കുന്നത്. ഓറിയന്റൽ ആൻഡ് ഇന്റർനാഷണൽ പലഹാരങ്ങൾ, ഇന്ത്യൻ കബാബുകളും കറികളും, ഉത്തരേന്ത്യൻ സ്ട്രീറ്റ് ഫുഡ്, കൂടാതെ ദക്ഷിണേന്ത്യൻ ഡിലൈറ്റുകളും ബുഫേയ്ക്കൊപ്പം ലഭ്യമാകും. കേരളത്തിലെ തട്ടുകട, ഡൽഹിയിലെ ചാട്ട്, നേപ്പാളിൽ നിന്നും ഭൂട്ടാനിൽ നിന്നും രുചികരമായ ഡിം സം കൗറുകൾ, ചൈനയിൽ നിന്നും ഫ്രൈഡ് റൈസും നൂഡിൽസും ബ്രിട്ടനിലെ ഫിഷ് ആൻഡ് ചിപ്സും ബ്രസീലിൽ നിന്നുള്ള ടാക്കോകളും യുഎസ്എയിലെ ബർഗറുകളും ഇറ്റലിയിൽ നിന്നും പാസ്ത, പാൻ കൗർ, ഐസ്ക്രീം കൗർ ഓൺ എ വെഹിക്കിൾ എന്നിവ ഫെസ്റ്റിലെ പ്രധാന ആകർഷണങ്ങളാണ്. ഇന്ററാക്റ്റീവ് ലൈവ് ഫുഡ് സ്റ്റേഷനുകളിലൂടെ ഷെഫുമാരുമായി സംവദിക്കാനും അതിഥികൾക്ക് അവസരമായായിരിക്കും.റിസർവേഷനുകൾക്ക്: +91 471 710 0111 / +91 471 666 0888

## വാൾമാർട്ട് ഗ്രോത്ത് സമ്മിറ്റ് രജിസ്ട്രേഷൻ ആരംഭിച്ചു

**കൊച്ചി:** വാൾമാർട്ട് ഇന്ത്യയിൽ നടത്തുന്ന ആദ്യ ഗ്രോത്ത് സമ്മിറ്റിൽ പങ്കെടുക്കുന്നതിന് രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചു. കയറ്റുമതി വിതരണക്കാർ, മൈക്രോ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ, ക്രോസ് ബോർഡർ വാണിജ്യ വിതരണക്കാർ, നൂതനമായ വിതരണ ശൃംഖല കമ്പനികൾ എന്നിവയ്ക്ക് ബിസിനസിന് അവസരമൊരുക്കുന്ന സമ്മിറ്റ് ഇന്ത്യയിൽ നിന്നുള്ള കയറ്റുമതി മൂന്നുമടങ്ങ് വർധിപ്പിക്കുകയെന്നതാണ് വാൾമാർട്ടിന്റെ ലക്ഷ്യം. 2024 ഫെബ്രുവരി 14,15 തീയതികളിൽ ന്യൂഡൽഹിയിലാണ് ഗ്രോത്ത് സമ്മിറ്റ്. ഡിസംബർ 11 വരെ രജിസ്ട്രേഷന് അവസരമാകും. സെല്ലേഴ്സിനും സപ്ലൈ ചെയിൻ വിദഗ്ധർക്കും സമ്മിറ്റിൽ രജിസ്റ്റർ ചെയ്യാം.ഇന്ത്യൻ കമ്പനികളെയും അമേരിക്കയിലെ നിരവധി വാൾമാർട്ട് ബയേഴ്സിനെയും സമ്മിറ്റ് ഒരേവേദിയിൽ കൊവരും. മേക്ക് ഇൻ ഇന്ത്യ സംരംഭത്തിന്റെ പങ്കാളിത്തത്തിൽ 2027 ഓടെ ഇന്ത്യയിൽ നിന്ന് 10 ബില്യൺ ഡോളറിന്റെ ഉൽപന്നങ്ങൾ സംഭരിക്കുകയാണ് വാൾമാർട്ടിന്റെ ലക്ഷ്യം.ദീർഘകാലമായി ഇന്ത്യയിൽ നിക്ഷേപം നടത്തുന്ന വാൾമാർട്ട് കയറ്റുമതി വിപുലമാക്കുന്നതിന് മികച്ച അവസരമായാണ് സമ്മിറ്റിനെ കാണുന്നതെന്ന് സോഴ്സിംഗ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ആൻഡ്രിയ ആൾബ്രൈറ്റ് പറഞ്ഞു. നിലവിലുള്ള സപ്ലയേഴ്സിനു പുറമെ പുതിയ ശൃംഖലകളും ഉണ്ടാകുന്നതിനു സമ്മിറ്റ് വഴിയൊരുക്കും.താൽപര്യമുള്ളവർക്ക് https://corporate.walmart.com/suppliers/walmart-growth-summ-ti എന്ന ലിങ്കിൽ രജിസ്ട്രർ ചെയ്യാം.

# കേരളത്തിന്റെ വികസനം: ഫിക്കി ദ്വിദിന സമ്മേളനത്തിന് തുടക്കം



**കൊച്ചി:** കേരളത്തിന്റെ വളർച്ചയും വികസനവും ലക്ഷ്യമിട്ട് ഫിക്കിയുടെ (ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംപേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി) നേതൃത്വത്തിൽ കേരള വ്യവസായ വികസന കോർപ്പറേഷനുമായി (കെഎസ്ഐഡിസി) സഹകരിച്ച് സംഘടിപ്പിക്കുന്ന ദ്വിദിന സമ്മേളനത്തിന് കൊച്ചിയിൽ തുടക്കം. ലുലു ബോൾഗാട്ടി ഇന്റർനാഷ്ണൽ കൺവെൻഷൻ സെന്ററിൽ നടക്കുന്ന സമ്മേളനം ഡോ. ശശി തരൂർ എംപി ഉദ്ഘാടനം ചെയ്തു. ബിസിനസ് വളർച്ചയ്ക്ക് തടസമാകുന്ന തരത്തിൽ നിലവിലുള്ള നിയമങ്ങൾ പുനപരിശോധിക്കണമെന്നും വ്യവസായ അനുകൂല സഹചര്യമൊരുക്കാൻ നിയമനിർമാണം ആവശ്യമാണെന്നും ഡോ. ശശി തരൂർ എംപി പറഞ്ഞു.ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. സിംഗപ്പൂരുൾപ്പടെയുള്ള മറ്റ് രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യയിൽ ബിസിനസുകൾ തുടങ്ങാൻ കാലതാമസം നേരിടുന്നുണ്ട്. സർക്കാർ സ്വകാര്യ പങ്കാളിത്തത്തിലൂടെ ഈ സാഹചര്യത്തിന് മാറ്റമുണ്ടാകണം.ഹർത്താലുകൾ നിരോധിക്കാൻ നിയമം പാസാക്കണമെന്നും ശശി തരൂർ എം പി പറഞ്ഞു. ബിസിനസിന് തടസ്സം നിൽക്കുന്ന നിയമങ്ങൾ പുനഃപരിശോധിക്കണം. നിലവിലുള്ള എല്ലാ ചട്ടങ്ങളും പരിഷ്കരിക്കണം. ദേശീയതലത്തിൽ കേരളത്തിലെ തൊഴിലില്ലായ്മ 40 ശതമാനമാണ്. വിദ്യാഭ്യാസവും കഴിവുമുള്ള യുവാക്കളെ സംസ്ഥാനത്ത് പിടിച്ചുനിർത്തണം. അടുത്ത അഞ്ചുവർഷത്തിൽ 10 ലക്ഷം യുവാക്കൾ വിദേശത്തേക്ക് പോകും. ശശി തരൂർ എംപി അഭിപ്രായപ്പെട്ടു.പാഠ്യ പദ്ധതി സമൂലമായി പരിഷ്കരിക്കണം. വിപണി ആവശ്യപ്പെടുന്ന വൈദഗ്ധ്യം കുട്ടികൾക്ക് നൽകണം.ബിസിനസ് സമൂഹവും സർക്കാരും ഒരുമിച്ച് അധ്വാനിച്ചാൽ മാത്രമേ കേരളത്തിൽ പരിവർത്തനം സാധ്യമാകൂ എന്നും തരൂർ പറഞ്ഞു.പല മേഖലകളിലും മുൻനിരയിൽ തന്നെയാണെങ്കിലും ഇനിയും ഒരുപാട് കാര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് ഫിക്കി കേരള ചാപ്റ്റർ ചെയർമാൻ ഡോ. എം.ഐ സഹദുള്ള സ്വാഗത പ്രസംഗത്തിൽ പറഞ്ഞു. ആരോഗ്യം, വിദ്യാഭ്യാസ രംഗങ്ങളിലെല്ലാം മികവ് പുലർത്തുമ്പോഴും ഇനിയും പല മേഖലകളെയും ഉത്തേജിപ്പിക്കേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സമ്മേളനത്തിൽ ചർച്ച ചെയ്യുന്ന വിഷയങ്ങളെ ആധാരമാക്കി കൊച്ചി ഡിക്ലറേഷൻ ആക്ഷൻ പ്ലാൻ 2023 തയാറാക്കുകയും സർക്കാരിന് സമർപ്പിക്കുകയും ചെയ്യും. ഓരോ ചർച്ചകളിലെയും ആശയങ്ങളും നിഗമനങ്ങളും ഉൾപ്പെടുത്തിയാകും ആക്ഷൻ പ്ലാൻ തായാറാക്കുക. വരും വർഷങ്ങളിൽ ഇതിന്റെ പുരോഗതി വിലയിരുത്തുമെന്നും അദ്ദേഹം വ്യക്തമാക്കി. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല, കെഎസ്ഐഡിസി എംഡി എസ്. ഹരികിഷോർ, ഇന്ത്യയിലെ ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈകമ്മീഷണർ ഹർജിന്ദർ കാംഗ്, ഇന്ത്യൻ ആൻഡ് ഫിലിം മേക്കേഴ്സ് അസോസിയേഷൻ സെക്രട്ടറി സിജോയ് വർഗീസ്, ഫിക്കി കോ ചെയർ വി.പി നന്ദകുമാർ എന്നിവരും ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു.ഹെൽത്ത് ആൻഡ് വെൽനസ്, ബാങ്കിംഗ് ആൻഡ് ഫിനാൻസ്, ഇൻഫ്രാസ്ട്രക്ച്ചർ, ഐടി ആൻഡ് ഐടിഇഎസ്, എന്റർടെയിൻമെന്റ്, എഡ്യുക്കേഷൻ ആൻഡ് ആർട്ട്സ്, സ്റ്റാർട്ട് അപ്പ്സ്, റീറ്റെയ്ൽ, ടൂറിസം, സസ്റ്റെയ്നബിൾ ഇക്കോ സിസ്റ്റം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിയുള്ള സംവാദങ്ങളും ചർച്ചകളും സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ടു. വ്യവസായ പുരോഗതിക്കായി പുതിയ സാധ്യതകളും തന്ത്രങ്ങളും ആവിഷ്കരിക്കുന്ന സമ്മേളനത്തിൽ ഏറ്റവും ആകർഷകമായ നിക്ഷേപ കേന്ദ്രമായി കേരളത്തെ ഉയർത്തി കാട്ടുക എന്നതാണ് സമ്മേളനത്തിലൂടെ ലക്ഷ്യമിടുന്നത്.എൻറർടെയ്ൻമെൻറ് ആൻഡ് സ്പോർട്ട്സ് മേഖലയെ കുറിച്ച് നടന്ന സെഷനിൽ ഡോ. ശശി തരൂർ, കമൽ ഹാസൻ, നിക്കി ഗൽറാണി, സിദ്ധാർഥ് സൂര്യനാരായണൻ എന്നിവർ സംവദിച്ചു. ഏഷ്യ ഹെൽത്ത്കെയർ ഹോൾഡിംഗ്സ് എക്സിക്യൂട്ടീവ് ചെയർമാൻ വിശാൽ ബലി, ഉഷ ടൈറ്റസ്, ലോക് നാഥ് ബെഹ്റ എന്നിവർ വിവിധ സെഷനുകളിൽ സംസാരിച്ചു. അഭിനേത്രിയും നർത്തകിയുമായ ശോഭനയുടെ ലോട്ടസ് ഫീറ്റ് എന്ന നൃത്തപരിപാടിയും സമ്മേളനത്തിന്റെ ആദ്യ ദിവസത്തെ കൂടുതൽ ആകർഷകമാക്കി.

# ’ഗ്രേസ് ബൈ പ്ലാറ്റിനം എവര’ പുറത്തിറക്കി ജോയ് ആലുക്കാസ്



**കൊച്ചി:** ’ഗ്രേസ് ബൈ പ്ലാറ്റിനം എവര’ എന്ന പേരിൽ സ്ത്രീകൾക്കായി രൂപകൽപ്പന ചെയ്ത പ്ലാറ്റിനം ആഭരണങ്ങളുടെ പുതിയ ശേഖരം ജോയ്ആലുക്കാസ് പുറത്തിറക്കി. പ്ലാറ്റിനം ഗിൽഡ് ഇന്റർനാഷണൽ (പിജിഐ) ഇന്ത്യയുമായി പങ്കാളിത്തത്തിലാണ് ഈ ആഭരണശേഖരം പുറത്തിറക്കിയിട്ടുള്ളത്. വിവിധ അവസരങ്ങളിൽ ധരിക്കാൻ കഴിയുന്ന നെക്ക് വെയർ, കമ്മലുകൾ എന്നിവയുൾപ്പെടെയുള്ള വൈവിധ്യമാർന്ന ആഭരണങ്ങൾ വിശിഷ്ടമായ ശേഖരത്തിൽ അവതരിപ്പിക്കുന്നു. ഈ ശേഖരത്തിന്റെ ഡിസൈൻ സിദ്ധാന്തത്തിന് ഒരു പുതിയ മാനം നൽകുന്ന പ്ലാറ്റിനത്തിൽ സെറ്റ് ചെയ്ത മാണിക്യം, മരതകം, നീലക്കല്ലുകൾ തുടങ്ങിയ നിറമുള്ള രത്നങ്ങളും പുതിയ ശ്രേണിയിൽ അവതരിപ്പിക്കുന്നു.95% ശുദ്ധമായ പ്ലാറ്റിനത്തിൽ നിന്ന് രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ ശേഖരം വിവിധ അവസരങ്ങളിൽ ധരിക്കാനും വിവിധ വസ്ത്രങ്ങളുമായി ജോടിയാക്കാനും കഴിയുമെന്ന് ജോയ് ആലുക്കാസ് ഇന്ത്യ ലിമിറ്റഡ് ചെയർമാനും എംഡിയുമായ ജോയ് ആലുക്കാസ് പറഞ്ഞു.വൈവിധ്യമാർന്ന ശ്രേണിയിൽ ആകർഷകമായ നെക്ലേസുകളും നിറമുള്ള കല്ലുകളിൽ സങ്കീർണ്ണമായി രൂപകൽപ്പന ചെയ്ത ആകർഷകമായ കമ്മലുകളും വരെയുള്ള ഡിസൈനുകളുടെ ഒരു നിര ഉൾപ്പെടുന്നു. അതിലോലമായതും എന്നാൽ തടസ്സമില്ലാത്തതുമായ രൂപങ്ങൾ, ആകർഷകമായ ഡയമണ്ട് കട്ട്സ് എന്നിവ സംയോജിപ്പിച്ച് കൊണ്ടുള്ളതാണ് ഈ ആഭരണ ശേഖരം.വൈദഗ്ധ്യത്തിന്റെ ഗംഭീരമായ ഒരു പുതിയ പ്ലാറ്റിനം ജ്വല്ലറി ശേഖരമായ ഗ്രേസ് ബൈ പ്ലാറ്റിനം എവാര’ അവതരിപ്പിക്കുന്നതിൽ തങ്ങൾ സന്തുഷ്ടരാണ്. പ്ലാറ്റിനം ഗിൽഡ് ഇന്റർനാഷണൽ (പിജിഐ) ഇന്ത്യയുമായുള്ള പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിലും സ്ത്രീകൾക്കായി സമകാലിക പ്ലാറ്റിനം ആഭരണങ്ങളുടെ ഈ നിര അവതരിപ്പിക്കുന്നതിലും തങ്ങൾ ആവേശഭരിതരാണെന്നുംജോയ് ആലുക്കാസ് പറഞ്ഞു.

